2016 ആഗസ്റ്റ് 25
വാല്യം 09
ലക്കം 16

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# ഐ. പി. സി. ജനറൽ കൗൺസിൽ തെരഞ്ഞെടുപ്പ് ഇനി കോടതി തീരുമാനിക്കും

**കുമ്പനാട്:** ഐപിസി ജനറൽ കൗൺസിൽ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനം തിരുവല്ല മുൻസിഫ് കോടതി തടഞ്ഞു. ജോജി ജോസഫ്, കെ. എം. ഡാനിയേൽ എന്നിവർ സമർപ്പിച്ച ഹർജിയിന്മേലാണ് കോടതി താൽക്കാലിക നിരോധന ഉത്തരവ് പുറപ്പെടുവിച്ചത്. കേരളത്തിൽ നിന്നുള്ള ജനറൽ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചില നടപടികളാണ് കോടതി വ്യവഹാരത്തിലേക്ക് നയിച്ചത്.

23 അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനാണ് സ്റ്റേറ്റ് തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ 27 അംഗങ്ങളെ തെരഞ്ഞെടുത്തയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ജനറൽ കൗൺസിൽ സ്റ്റേറ്റിന് കത്തു നൽകിയത്. തുടർന്ന് പരാജയപ്പെട്ട 4 പേരെ ജനറൽ കൗൺസിൽ അംഗങ്ങളായി ഉൾപ്പെടുത്താൻ സ്റ്റേറ്റ് കൗൺസിൽ തീരുമാനിച്ചു. ഈ തീരുമാനമാണ് ഹർജ്ജിക്കാർ കോടതിയിൽ ചോദ്യം ചെയ്തത്.

ജനറൽ കൗൺസിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു മാത്രമേ സ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പ് നടത്താവൂ എന്ന് കോടതി ഉത്തരവുണ്ടായിട്ടും കോടതിവിധിയെ അവഗണിച്ച് സ്റ്റേറ്റ് തെരഞ്ഞെടുപ്പ് നടത്തിയതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്കു കാരണം. തിരക്കിട്ട് ആഗസ്റ്റ് 10ന് രാവിലെ 9ന് ജനറൽ ബോഡിയും തുടർന്ന് വോട്ടെടുപ്പും നടത്തിയിരുന്നു. ജനറൽ വൈസ് പ്രസിഡന്റ്, ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്കാണ് വോട്ടെടുപ്പ് നടന്നത്. എല്ലാ സ്ഥാനാർത്ഥികളും കൂടി ഒരു കോടിയിലധികം രൂപ തെരഞ്ഞെടുപ്പിന് ചെലവാക്കിയതായി അറിയുന്നു. തെരഞ്ഞെടുപ്പ് റദ്ദാക്കപ്പെടുമോ എന്ന ആശങ്കയിലാണ് പണം മുടക്കിയവർ.

ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ജനറൽ ബോഡിയിൽ ആക്ടിംഗ് ജനറൽ സെക്രട്ടറി പാസ്റ്റർ സാം ജോർജ് വാർഷിക റിപ്പോർട്ടും ട്രഷറാർ ജോൺ ജോസഫ് കണക്കും അവതരിപ്പിച്ചു. ജനറൽ ബോഡി ഏറെ ഒച്ചപ്പാടുകൾക്ക് കാരണമാക്കി. റിപ്പോർട്ടും കണക്കും ജനറൽ കൗൺസിൽ അംഗീകരിച്ചിരുന്നില്ല എന്ന് അറിയുന്നു. തുടർന്നുള്ള ദിനങ്ങൾ ഐ. പി. സി. പ്രസ്ഥാനത്തിന് അശാന്തിയുടെ ദിനങ്ങളായിരിക്കും എന്നതിന് സംശയമില്ല. അധികാരം പിടിച്ചെടുക്കുവാനുള്ള ശ്രമങ്ങൾ ഇരുപക്ഷത്തുനിന്നും ഉണ്ടായാൽകോടതി വ്യവഹാരങ്ങൾക്ക് പഞ്ഞം കാണുകയില്ല. ഐ. പി. സി. പ്രസ്ഥാനം ആര് ഭരിക്കണമെന്ന് ഇനി കോടതി തീരുമാനിക്കും.

## അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യ

### ഡി. മോഹൻ സൂപ്രണ്ട് ടി. ജെ. സാമുവേൽ ജനറൽ സെക്രട്ടറി


റവ. ഡി. മോഹൻ


റവ. ടി. ജെ. സാമുവേൽ


റവ. പാപ്പി മത്തായി

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് ഓഫ് ഇന്ത്യയുടെ ജനറൽ സൂപ്രണ്ടായി റവ. ഡി. മോഹൻ (ചെന്നൈ), ജനറൽ സെക്രട്ടറിയായി റവ. ടി. ജെ. സാമുവേൽ (പുനലൂർ) എന്നിവർ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. റവ. പാപ്പി മത്തായി (ലക്നൗ) ആണ് ജനറൽ ട്രഷറർ, റവ. വി. ടി. ഏബ്രഹാം (കോഴിക്കോട്), റവ. റോബർട്ട് ജയരാജ് (ന്യൂഡൽഹി), റവ. മോസ്സസ്സ് മുറെ (കൽക്കട്ട) എന്നിവർ അസിസ്റ്റന്റ് സൂപ്രണ്ടുമാരായും റവ. പി. എസ്. ഫിലിപ്പ് (പുനലൂർ), റവ. ടി. ഫെസായോ

03

## ഐ. പി. സി. സൺഡേസ്കൂൾ തെരഞ്ഞെടുപ്പ്


കുര്യൻ ജോസഫ്


പാസ്റ്റർ ജോസ് തോമസ്


അജി കല്ലുങ്കൽ

**കുമ്പനാട്:** സംസ്ഥാന സൺഡേസ്കൂൾസ് അസോസിയേഷൻ ജനറൽ ബോഡി മീറ്റിംഗും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ആഗസ്റ്റ് 30ന് ഹെബ്രോൻപുരത്ത് വെച്ച് നടക്കും. ഡയറക്ടർ (1), ഡപ്യൂട്ടി ഡയറക്ടർ (3), ജനറൽ സെക്രട്ടറി (1), അസ്സോസിയേറ്റ് സെക്രട്ടറിമാർ (3), ട്രഷറർ (1), കമ്മറ്റി അംഗങ്ങൾ (12) എന്നിങ്ങനെയാണ് ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടത്.

ബ്രദർ വി. എം. പീറ്റർ, പീറ്റർ മാത്യു കല്ലൂർ റിട്ടേണിംഗ് ഓഫീസർമാരായും പ്രവർത്തിക്കുന്നു. നിലവിലെ ഭരണസമിതിയിലെ ഡയറക്ടർ ബ്രദർ കുര്യൻ ജോസഫ്, ജനറൽ സെക്രട്ടറി പാസ്റ്റർ ജോസ് തോമസ്, ട്രഷറർ ബ്രദർ അജി കല്ലുങ്കൽ എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

# 15–ാമത് ഐ. പി. സി. ഫാമിലി കോൺഫറൻസ് ന്യൂജേഴ്സിയിൽ റവ. ജോസഫ് വില്യംസ് കൺവീനർ

**ന്യൂജേഴ്സി:** അടുത്തവർഷത്തെ ഐ. പി. സി. ഫാമിലി കോൺഫറൻസ് ജൂലൈ 27 മുതൽ 30 വരെ ചെറിഹില്ലിലുള്ള പ്രസിദ്ധമായ ക്രൗൺപ്ലാസ്സാ ഹോട്ടലിൽ വച്ച് വളരെ വിപുലമായ പരിപാടികളോടെ നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തുവരുന്നതായയി നാഷണൽ കൺ വീനർ റവ. ജോസഫ് വില്യംസ് അറിയിക്കുകയുണ്ടായി.

ഫ്ളോറിഡയിൽ കൂടിയ 14–മത് ഫാമിലി കോൺഫറൻസിൽ നാഷണൽ കൺവീനറെ നേരത്തെ തിരഞ്ഞെടുത്തിരുന്നു.

15–മത് ഐ. പി. സി ഫാമിലി കോൺഫറൻസ് ഭാരവാഹികൾ റവ. ജോസഫ് വില്യംസ് (നാഷണൽ കൺവീനർ), ബ്രദർ വ ർഗീസ് ഫിലിപ്പ് (നാഷനൽ സെക്രട്ടറി), ബ്രദർ ബാബു കൊടുംന്തറ (നാഷണൽ ട്രഷറാർ), ബ്രദർ വെസ്ലീ ആലുംമൂട്ടിൽ (നാഷണൽ യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ എൽസി കൊടുംന്തറ (നാഷണൽ ലേഡീസ് കോർഡിനേറ്റർ) എന്നിവരാണ്.


റവ. ജോസഫ് വില്യംസ്


ബ്രദർ വർഗീസ് ഫിലിപ്പ്


ബ്രദർ ബാബു കൊടുംന്തറ


ബ്രദർ വെസ്ലീ ആലുംമൂട്ടിൽ


സിസ്റ്റർ എൽസി കൊടുംന്തറ

നാഷണൽ കൺവീനറായി തിരഞ്ഞെടുക്കപ്പെട്ട റവ. ജോസഫ് വില്യംസ് മൂന്നര പതിറ്റാണ്ടുകളായി ന്യൂയോർക്കിൽ താമസിക്കുകയും വിവിധ പ്രേഷിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്യുന്ന അനുഗ്രഹീതനായ ദൈവദാസനാണ്. പന്ത്രണ്ട് വർഷത്തോളം ഐ.

06

## സാക്ഷി



ഐ. പി. സിയിലും ചർച്ച് ഓഫ് ഗോഡിലും കേസുകളുടെ പരമ്പര

*പരിശുദ്ധാത്മാവിന്റെ നിയന്ത്രണം നഷ്ടപ്പെട്ടാൽ ഇതൊക്കെ സംഭവിക്കും.*

## ജർമ്മൻ കത്തോലിക്ക സഭ നവീകരണത്തെ അംഗീകരിച്ചു

● പ്രകാശ് പി. കോശി



ജർമ്മനിയിലെ റോമൻ കത്തോലിക്കാ സഭ 500 വർഷങ്ങൾക്ക് ശേഷം തങ്ങളുടെ എക്കാലത്തെയും സഭാ പരിത്യാഗി മാർട്ടിൻ ലൂഥറേയും നവീകരണത്തേയും അംഗീകരിച്ചു. നവീകരണത്തിന്റെ 500–ാം വാർഷികത്തിലാണ് കത്തോലിക്കാ സഭ വീണ്ടുവിചാരത്തിന് തയ്യാറായത്.

ജർമ്മൻ കത്തോലിക്ക സഭാ നവീകരണത്തിന്റെ 500–ാമത് വാർഷികത്തിൽ പുറത്തിറക്കിയ ഒരു റിപ്പോർട്ടിൽ സഭയുടെ ഒരു പ്രമുഖ ബിഷപ്പ് ഗെർഹാഡ് ഫെയ്ജ് ഇങ്ങനെ എഴുതുന്നു, “നവീകരണത്തിന്റെ ചരിത്രത്തെ സഭ സ്വീകരിച്ചത് ശരിയായ രീതിയിൽ അല്ല, നവീകരണ വക്താക്കളെയും അനുബന്ധ പ്രവർത്തനങ്ങളെയും സഭ നിഷേധാത്മകമായും ആക്ഷേപകരമായും വീക്ഷിച്ചു”.

“നവീകരണത്തിന്റെ പ്രധാന വസ്തുതയായ, തിരുവചനത്തെ ക്രൈസ്തവ ജീവിതത്തിന്റെ ആധാരവും കേന്ദ്രവുമായി സഭ ഇപ്പോൾ അംഗീകരിക്കുന്നു” റിപ്പോർട്ട് പറയുന്നു. കത്തോലിക്കാ സഭ ബൈബിളിന്റെ പ്രാധാന്യത്തെ ലഘൂകരിച്ചു കണ്ടതുകൊണ്ടാണ് നവീകരണ വക്താവായ മാർട്ടിൻ ലൂഥർ സഭയ്ക്കെതിരെ തിരിഞ്ഞത്. എന്നാൽ 500–വർഷങ്ങൾക്ക് ശേഷം അതേ സഭ തിരുവചനത്തെ ജീവിതപ്രമാണമായി അംഗീകരിക്കുന്നത് അത്ഭുതാവഹമാണ്.

കർമ്മ മാർഗ്ഗങ്ങളിലൂടെ രക്ഷ നേടാം എന്ന് സഭ പഠിപ്പിക്കുന്ന കാലത്താ

04

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# കോടതി വ്യവഹാരം ആർക്കുവേണ്ടി



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

പ്രമുഖ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളായ ഐ. പി. സിയിലും ചർച്ച് ഓഫ് ഗോഡിലും കേസുകളുടെ പരമ്പരയാണ് അരങ്ങേറുന്നത്. ഇരുസഭകളുമായി നടക്കുന്ന കോടതിവ്യവഹാരത്തെപ്പറ്റി പഠിച്ചാൽ എല്ലാംതന്നെ അധികാരം നിലനിർത്താനും അധികാരം നേടിയെടുക്കുവാനും വേണ്ടിയുള്ളതാണ് എന്ന് മനസ്സിലാകും. ആത്മീയതയുടെ മുഖംമൂടി അണിഞ്ഞ ഒരു കൂട്ടം നേതാക്കന്മാരെയാണ് എവിടെയും കാണുവാൻ കഴിയുന്നത്. അഴിമതി, സ്വജനപക്ഷപാതം ഇവയെല്ലാം കുട്ടികലർത്തി ഉണ്ടാക്കിയെടുത്തതാണോ എന്ന് തോന്നുന്ന കുറെ നേതാക്കന്മാരെയാണ് നമ്മുടെ പ്രസ്ഥാനങ്ങളിൽ ഇന്ന് കാണുവാൻ കഴിയുന്നത്.

അധികാര കസേരയ്ക്കുവേണ്ടി എന്ത് ചെയ്യുവാനും മടിയില്ലാത്തവരാണ് ഇന്ന് നമുക്ക് കാണുവാൻ കഴിയുന്ന മിക്ക നേതാക്കന്മാരും. ഗുണ്ടകളെ അകമ്പടിക്കാരായി കൊണ്ടുനടക്കുന്നവരും ഗുണ്ടകളെ ഉപയോഗിച്ച് എതിരാളികളെ തകർക്കുവാൻ ശ്രമിക്കുന്നവരുമൊക്കെയാണ് ഇന്നത്തെ നേതാക്കന്മാർ. തെരഞ്ഞെടുപ്പിനുവേണ്ടി ലക്ഷകണക്കിനു രൂപ മുടക്കുന്ന ഇവർ തെരഞ്ഞെടുക്കപ്പെട്ടാൽ അവകാശപ്പെടുന്നത് മറ്റൊന്നാണ്. പരിശുദ്ധാത്മാവ് നിയോഗിച്ചുവെന്നും ദൈവം തെരഞ്ഞെടുത്തുവെന്നും മുമ്പേ തന്നെ പ്രവാചകന്മാർ മുഖാന്തിരം അരുളിചെയ്തുവെന്നും ഒക്കെ വീമ്പടിക്കുമ്പോൾ ചിരിക്കാതെ എന്തു ചെയ്യും. സെക്കുലർ രാഷ്ട്രീയക്കാർ പോലും തന്ത്രങ്ങളുടെ കാര്യത്തിൽ നമ്മുടെ നേതാക്കന്മാരെ കണ്ടു പഠിക്കേണ്ടിയിരിക്കുന്നു.

കോടതികളിൽ നല്കുന്ന വ്യാജ അഫിഡവിറ്റുകളും മറ്റും നമ്മുടെ നേതാക്കന്മാരുടെ അധാർമ്മികതയെ കാണിക്കുകയാണ്. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ശത്രുതപോലെ പരസ്പരം ഗ്രൂപ്പുകളായി തിരിഞ്ഞ് പോരടിക്കുമ്പോൾ തകർന്നു വീഴുന്നത് പെന്തെക്കോസ്തിന്റെ മഹത്വം തന്നെയാണ്. സോഷ്യൽ മീഡിയയും ഇത് ഏറ്റെടുത്തിരിക്കുന്നു. ചില വാട്സ് ആപ്പ്, ഫേസ്ബുക്ക് ഗ്രൂപ്പുകളിൽ പെന്തെക്കോസ്ത് നേതാക്കന്മാർക്കെതിരെ അസന്മാർഗ്ഗിക ആരോപണങ്ങളും അഴിമതി ആരോപണങ്ങളും ചർച്ച ചെയ്യപ്പെടുകയാണ്. എന്നാൽ നേതാക്കന്മാർ മൗനം പാലിക്കുന്നു. അതുകൊണ്ട് തന്നെ ഇത്തരം ചർച്ചകളിൽ ഉയർന്നുവരുന്ന ആരോപണം സത്യമാണെന്ന് സാധാരണക്കാർ വിശ്വസിച്ചുപോകുന്നു.

സഭാകേസുകൾക്കുവേണ്ടി പ്രസ്ഥാനങ്ങൾ മുടക്കുന്ന തുകയെപ്പറ്റി പഠിച്ചാൽ ഞെട്ടൽ ഉളവാക്കുന്നതാണ്. കോടികളിൽ എത്തിനിൽക്കുന്ന കണക്കായിരിക്കും ലഭിക്കുക. സുവിശേഷവേലയ്ക്കുവേണ്ടി ചെലവഴിക്കേണ്ട പണം അഭിഭാഷകർക്ക് നല്കുന്നതിൽ ഉളുപ്പില്ലാത്തവരായി മാറിയിരിക്കുന്നു പെന്തെക്കോസ്ത് നേതൃത്വം. ഇന്നു നടക്കുന്ന എല്ലാ കേസുകളെയും കീറിമുറിച്ചു പഠിച്ചാൽ എന്തിനുവേണ്ടി കേസുകളെന്നതിന് ഒറ്റ മറുപടിയേ ലഭിക്കുകയുള്ളൂ. അത് അധികാരം എന്ന മറുപടിയായിരിക്കും.

ഒരു യാഥാർത്ഥ്യം പറയാതെ വയ്യ. വെളിപ്പാട് പുസ്തകത്തിൽ നക്ഷത്രങ്ങളെ കൈയിൽ വഹിച്ച് നിലവിളക്കുകളുടെ നടുവിൽ നടക്കുകയും ചെയ്യുന്ന സഭയുടെ നാഥനായ ക്രിസ്തു ലവോദിക്യസഭയുടെ കാലഘട്ടത്തിൽ സഭയുടെ പുറത്ത് നിൽക്കുന്ന ക്രിസ്തുവിന്റെ ചിത്രവും നമ്മൾക്ക് കാണുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുതന്നെയാണ് നമ്മുടെ പെന്തെക്കോസ്ത് സഭകളുടെ സ്ഥിതിയും. ഒരുകാലത്ത് ദൈവാശ്രയമുള്ളവരും പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ട് ദൈവസ്നേഹം ഉള്ളവരും ദൈവഭയമുള്ളവരും ആയ സമൂഹമായിരുന്നു ഇതെങ്കിൽ ഇന്ന് ഈ പറഞ്ഞ ഗുണങ്ങളെല്ലാം അന്യമായിരിക്കുന്ന സമൂഹമാണ് പെന്തെക്കോസ്ത്. അന്യഭാഷ പറഞ്ഞ് തൊണ്ട പൊട്ടിക്കുകയും വാദ്യഘോഷങ്ങളോടെ നാട്ടുകാർക്ക് ശല്യം ചെയ്യുന്ന ഒരു കൂട്ടം ദ്രോഹികളായി മാറിയിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഫലം എന്താണെന്ന് പോലും തിരിച്ചറിവില്ലാത്ത ഇവർ ന്യായവിധി ദിവസത്തിൽ സോദോമിനും ഗോമോറയ്ക്കും വന്നതിനേക്കാൾ അപ്പുറം ന്യായവിധി ഇവർക്ക് വരാതിരിക്കില്ല. ഒരു മേശയ്ക്ക് ചുറ്റും ഇരുന്ന് പറഞ്ഞ് തീർക്കുവാനുള്ള കാര്യങ്ങളാണ് കോടതിയിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നത്. കുക്ക് സായ്പും കെ. ഇ. ഏബ്രഹാം, കെ. സി. ചെറിയാനും കൊടുന്തറ ഉമ്മച്ചനുമൊക്കെ നേതൃത്വം കൊടുത്ത ഈ മഹനീയ പ്രസ്ഥാനങ്ങളുടെ ഇന്നത്തെ പോക്ക് സാധാരണക്കാരായ ദൈവമക്കളെയും ദൈവദാസന്മാരെയും ദുഃഖിപ്പിക്കുന്നതാണ്. ഇറങ്ങിതിരിക്കുമ്പോൾ കൈയിൽ തകരപ്പെട്ടി ഉണ്ടായിരുന്നവർ ഇന്ന് ആത്മീയത ബിസിനസ്സാക്കി കോടികളുടെ ഉടമകളായി മാറിയിരിക്കുന്നു. ലോകത്തിലെ ഒരു കോർപ്പറേറ്റ് ബിസിനസ്സുകാർക്കും മനസ്സിലാക്കുവാൻ കഴിയാത്ത മാജിക് ആണ് ആത്മീയ നേതാക്കന്മാരുടെ പണസമ്പാദന വഴികൾ.

**യുവജന പംക്തി**

# നമ്മുടെ ദൗത്യം മറക്കരുത്



ബിനു വടശ്ശേരിക്കര

കഴിഞ്ഞ ചില ദിവസങ്ങൾക്കുമുമ്പ് എന്റെ ഓസ്ട്രേലിയൻ യാത്രയിൽ, ഇന്ത്യയിൽ സുവിശേഷ വിരോധികളാൽ അഗ്നിക്ക് ഇരയാക്കപ്പെട്ട ഗ്രഹാം സ്റ്റെയിൻസിന്റെ പത്നി ഗ്ലാഡിസ് സ്റ്റെയിൻസിനെ നേരിൽ കാണുവാനും അല്പസമയം ചിലവഴിക്കുവാനും കഴിഞ്ഞത് എന്റെ ജീവിതത്തിലെ ഒരു ഭാഗ്യമായിരുന്നു. എന്നെ ഏറ്റവും അധികം ചിന്തിപ്പിച്ച ചില ചിന്തകൾ ഞാൻ പങ്കിടാം. ഗ്ലാഡിസ് സ്റ്റെയിൻസുമായുള്ള എന്റെ അഭിമുഖം വായിച്ചിട്ട് ഫോണിലും സോഷ്യൽ മീഡിയയിലൂടെയും എന്നെ ധാരാളം പേർ ബന്ധപ്പെട്ടു. ചിലർ സുവിശേഷവേലക്കായി ജീവിതം സമർപ്പിച്ചു എന്നു കേട്ടപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു, ഞാൻ ദൈവത്തിന് നന്ദി അർപ്പിച്ചു. മറ്റു ചിലരുടെ ജീവിതത്തിലെ പ്രതിസന്ധികളിൽ ധൈര്യമായി. എന്തുകൊണ്ട് നമ്മുടെ തലമുറ കർത്താവിന്റെ വേലയ്ക്കായി ഇറങ്ങുന്നില്ല എന്ന ചോദ്യവും എന്റെ ഉള്ളിൽ ഉയർന്നു.

ഓസ്ട്രേലിയയിൽ ജനിച്ചു വളർന്ന ഈ വനിത ഏകദേശം 20-വയസിൽ ഇൻഡ്യയിലെ സുവിശേഷ പ്രവർത്തനങ്ങൾക്ക് ഇറങ്ങി തിരിച്ചു. ഓപ്പറേഷൻ മൊബൈലൈസേഷൻ (ഒ. എം.) എന്ന സുവിശേഷ സംഘടനയുടെ ഭാഗമായി ഇന്ത്യയിൽ എത്തി. 1983 ൽ ഓസ്ട്രേലിയൻ മിഷനറിയായ ഗ്രഹാം സ്റ്റെയിൻസുമായുള്ള വിവാഹം നടന്നു. തുടർന്നുള്ള വർഷങ്ങളിൽ ഒറീസയിലെ മയൂർബഞ്ച് കുഷ്ഠരോഗാശുപത്രിയിലെ പ്രവർത്തനങ്ങളിലും സുവിശേഷീകരത്തിലും വ്യാപൃതയായിരുന്നു. 1999 ജനുവരി 23-നാണ് ഗ്രാഹാമിനെയും മക്കളായ ഫിലിപ്പിനെയും (10 വയസ്) തിമൊത്തിയെയും (7 വയസ്) ഒരു രാത്രിയിൽ വാഹനത്തിൽ ഉറങ്ങിക്കിടക്കുമ്പോൾ സുവിശേഷ വിരോധികൾ അഗ്നിക്കിരയാക്കിയത്. അടുത്ത പ്രഭാതത്തിൽ രണ്ടു മക്കളുടെയും ഭർത്താവിന്റെയും കത്തിക്കരിഞ്ഞ മൃതദേഹങ്ങൾ മുന്നിലെത്തിയപ്പോഴും ഈ സഹോദരി വിധിയെ പഴിക്കാതെ കർത്താവിൽ പ്രത്യാശിച്ചു.

ഏതൊരു മാതാവിനും ഭാര്യയ്ക്കും താങ്ങാവുന്നതിലും അപ്പുറമായിരുന്നു. ഈ പ്രതിസന്ധി...എന്നാൽ തന്റെ വിളിയെപ്പറ്റിയുള്ള ബോധ്യമാണ് ഇന്ത്യയിൽ തുടരുവാൻ ഇവരെ നിർബന്ധിച്ചത്. മാന്യമായ വിദ്യാഭ്യാസവും ജീവിതസാഹചര്യങ്ങളും ഉപേക്ഷിച്ച് ഇന്ത്യയിലേക്ക് വരുവാൻ നിർബന്ധിക്കപ്പെട്ടത് തന്റെ ഉള്ളിലെ ദൈവസ്നേഹം ഒന്നുമാത്രമായിരുന്നു.

**ഇന്ത്യ വന്ന വഴികളിലൂടെ...**

2020-ൽ ഇന്ത്യയെ പൂകാവനം ആകും എന്നു പറയുന്നവർ വിസ്മരിക്കരുതാത്ത ഒരു സത്യമുണ്ട്. ഇന്ത്യ ഇന്നത്തെ ഇന്ത്യയായതിനു പിന്നിൽ ആയിരിക്കണക്കിനു മിഷനറിമാരുടെ രക്തവും വിയർപ്പും ഉണ്ട്. ഇന്ത്യയിലെ സ്കൂളുകളും ആശുപത്രിയിലും എല്ലാം ക്രിസ്ത്യൻ മിഷനറിമാരുടെ സംഭാവനയാണ്. വില്യം കേറിയെപോലുള്ള സുവിശേഷകരുടെ ദർശനമാണ് ഇന്നത്തെ മോഡേൺ ഇന്ത്യ. വിദ്യാഭ്യാസം, പ്രിന്റിംഗ്, പത്രപ്രവർത്തനം ഇവയിലും സതി പോലെയുള്ള ദുരാചാരങ്ങൾ തുടച്ചു നീക്കുന്നതിലും അദ്ദേഹം വഹിച്ച പങ്ക് അവിസ്മരണീയമാണ്. ആതുര സേവന രംഗത്ത് മദർ തെരേസയേയും ഐഡാസ്കടറിനെയും പോലെയുള്ളവർ ചെയ്ത സംഭാവനകൾ എത്ര വലുതാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ പുച്ഛിച്ചു തള്ളിയവരുടെ തലമുറയാണ് ഇന്ന് വിദേശത്ത് അധികവും. മിഷനറിപ്രവർത്തകരെയും ബ്രിട്ടീഷുകാരെയും ഒരേ തട്ടിൽ കണ്ടാണ് ഇന്ന് പലരും വിധി കല്പിക്കുന്നത്.

"കേരളത്തിലെ സാമൂഹിക പരിവർത്തനം" എന്ന സാമുവേൽ നെല്ലിമുകളിന്റെ ഗ്രന്ഥം മിഷനറി സംഭാവനകളെ കുറിച്ച് സവിസ്തരം വിവരിക്കുന്നു. ഇന്നും ഇന്ത്യയിൽ വിദ്യാഭ്യാസം എത്താത്ത ഗ്രാമങ്ങൾ ഉണ്ട്. ജാതി വ്യവസ്ഥ ശക്തമായി തുടർന്നു പോരുന്നവർ ഉണ്ട്. എന്തുകൊണ്ട് വിദ്യാഭ്യാസത്തെ തടയുന്നു? അറിവുണ്ടായാൽ അജ്ഞത മാറും എന്നതിനാൽ തന്നെ. 8-10 വയസു മുതൽ കാളകളെയും പശുവിനെയും മേയിക്കാൻ വിധിക്കപ്പെട്ട ബാല്യങ്ങൾ വടക്കേ ഇന്ത്യൻ ഗ്രാമങ്ങളിലെ കാഴ്ചകളാണ്. എന്തുകൊണ്ട്? അത് അവൻ ജനിച്ച ജാതിയുടെ വിധിയാണ്. ഇന്ത്യക്കാരെ വസ്ത്രം ഉടുപ്പിച്ചതും ജീവിക്കാൻ പഠിപ്പിച്ചതും ക്രിസ്തീയ മിഷനറിമാർ തന്നെയാണ്, പ്രത്യേകിച്ച് വിദേശ മിഷനറിമാർ

**ഇന്നിന്റെ ആവശ്യം**

ഇന്നത്തെ ലോകത്തിന്റെ ഏറ്റവും വലിയ ആവശ്യം ദൗത്യബോധമുള്ള സുവിശേഷകർ ആണ്. ലോകരാജ്യങ്ങൾ വിളിക്കുന്നു. എന്റെ സുവിശേഷ യാത്രകളിൽ കാണുന്ന കാഴ്ചകൾ ചിലതെങ്കിലും ദുഃഖം ഉളവാക്കുന്നതാണ്. നേപ്പാൾ ഇന്നും ഒരു തകർന്ന രാജ്യമായി തുടരുന്നു. നല്ല റോഡുകളോ, ആശുപത്രികളോ ഇല്ല. മിഷനറി പ്രവർത്തനങ്ങൾ ഭയന്ന് ഇന്ത്യയിൽ നിന്ന് ഓടിയവരാണ് ഇവർ എന്ന് ആരോ പറഞ്ഞു കേട്ടു. കമ്പോഡിയ, ഇൻഡോനേഷ്യ തുടങ്ങി നിരവധി രാജ്യങ്ങൾ സുവിശേഷത്തിനായി കാതോർക്കുന്നു.

ബർമ്മയിലെത്തിയ അഡോണിറാം ജഡ്സന്റെ ജീവിതാനുഭവങ്ങൾ കണ്ണു നനയാതെ വായിക്കാൻ കഴിയില്ല. ജയിൽവാസം, ഒറ്റപ്പെടുത്തലുകൾ...എന്തിനേറെ സ്വന്ത ഭാര്യയുടെയും കുഞ്ഞുങ്ങളുടെയും മൃതശരീരങ്ങൾ സ്വയം അടക്കേണ്ട ദുർവിധി. ഇതൊന്നും തന്നെ ദൗത്യത്തിൽ നിന്ന് പിൻതിരിപ്പിച്ചില്ല. അവസാനം മടക്കയാത്രയിൽ കപ്പലിൽ വെച്ച് മരിച്ച ജഡ്സന്റെ മൃതദേഹം ജോലിക്കാർ കടലിലേക്ക് വലിച്ചെറിഞ്ഞു.

യൂറോപ്യൻ രാജ്യങ്ങളിലും ഓസ്ട്രേലിയയിലും പല പള്ളികളും അടഞ്ഞുകിടക്കുന്നു. റഷ്യപോലുള്ള രാജ്യങ്ങളിൽ നിയമങ്ങൾ ശക്തമാകുന്നു. ദൈവശബ്ദം മുഴങ്ങുന്നു "ആര് എനിക്കുവേണ്ടി പോകും".

**ഗ്രാമങ്ങളിലേക്ക് പോകുക**

"ഗ്രാമങ്ങളിലൂടെ ആണ് ഭാരത മോചനം" എന്ന് പ്രഖ്യാപിച്ച മഹാത്മഗാന്ധിയുടെ വാക്കുകൾ ഇന്നും മരീചിക ആയി തുടരുന്നു. കേരളത്തിൽ ഗ്രാമങ്ങളിൽപോലും ആധുനികതയുടെ കാറ്റ് ആഞ്ഞടിച്ചു. എന്നാൽ ഇന്ത്യൻ ഗ്രാമങ്ങളിലും നേപ്പാൾ മലകളിലും സ്വാതന്ത്ര്യമോ, പ്രധാനമന്ത്രി ആരെന്നോ അറിയാത്ത അനേകർ ഉണ്ട്. ഇന്ത്യയുടെ ഗ്രാമങ്ങൾ ഉദ്ധരിക്കുവാൻ അത്യധ്വാനം ചെയ്യുന്ന നിരവധി മലയാളി മിഷനറിമാർ ഉണ്ടെന്ന സത്യവും വിസ്മരിക്കുന്നില്ല.

ഇന്ത്യൻ ഗ്രാമങ്ങളിലെ സ്കൂളുകളിൽ അധികവും ക്രൈസ്തവ മിഷനിമാരുടെ സംഭാവനയാണ്. വായനയുടെയും എഴുത്തിന്റെയും ബാലപാഠങ്ങൾ പഠിച്ചതല്ലേ ജീവിതത്തിലെ ഏറ്റവും വലിയ നന്മ. ഇന്നും നിരക്ഷര കുഷികളായ ആയിരങ്ങൾ ഇന്ത്യൻ ഗ്രാമങ്ങളിൽ ഉണ്ട്. വികസനങ്ങൾക്കു പുറകേ വികസനങ്ങൾ നടത്തുമ്പോഴും ഇവരുടെ കാര്യം

07

സംഭാഷണം

# കൂട്ടായ്മയുടെ ആഘോഷത്തിനായ് ന്യൂജേഴ്സി കാത്തിരിക്കുന്നു
# പുതിയ നിയോഗവുമായി റവ. ജോസഫ് വില്യംസ്

ആത്മനിവൃതിയുടെ സന്തോഷത്തോടെ ഫ്ളോറിഡയിൽ നിന്ന് പിരിഞ്ഞവർ തമ്മിൽ പറഞ്ഞു, ഇനി ന്യൂജേഴ്സിയിൽ കാണാമെന്ന്. വ്യത്യസ്ത വിഭവങ്ങളൊരുക്കി വിശ്വാസി സമൂഹത്തെ വരവേല്ക്കാൻ തയ്യാറെടുക്കുകയാണ് നിയുക്ത ഭാരവാഹികൾ. ഏറെ പുതുമകൾ പ്രദാനം ചെയ്യുന്ന കോൺഫറൻസ് എന്ന സ്വപ്നമാണ് പാസ്റ്റർ ജോസഫ് വില്യംസിനും സംഘത്തിനും.

15-ാമത് ഐ. പി. സി. ഫാമിലി കോൺഫറൻസ് 2017 ജൂലൈ 27 മുതൽ 30 വരെ ന്യൂജേഴ്സി ക്രൗൺ പ്ലാസാ ഹോട്ടലിൽ വച്ച് നടക്കും. റവ. ജോസഫ് വില്യംസ് (നാഷണൽ കൺവീനർ), ബ്രദർ വർഗീസ് ഫിലിപ്പ് (നാഷണൽ സെക്രട്ടറി), ബ്രദർ ബാബു കൊടുന്തറ (നാഷണൽ ട്രഷറാർ), ബ്രദർ വെസ്ലി ആലുംമൂട്ടിൽ (യൂത്ത് കോ-ഓർഡിനേറ്റർ), സിസ്റ്റർ എൽസി കൊടുന്തറ (ലേഡീസ് കോ-ഓർഡിനേറ്റർ) എന്നിവരാണ് കോൺഫറൻസിന് നേതൃത്വം വഹിക്കുന്നത്.

പുനലൂർ, വട്ടമൺ സ്വദേശിയായ പാസ്റ്റർ വില്യംസ് മികച്ച സംഘാടകനും ഭരണപാടവമുള്ള ശുശ്രൂഷകനുമാണ്. അഞ്ചൽ സെന്റ് ജോൺസ് കോളേജിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ നിന്നും M. Com ഒന്നാം ക്ലാസ്സോടെ വിജയിച്ചു. അമേരിക്കയിലെ Pace യൂണിവേഴ്സിറ്റിയിൽ നിന്നും MBA യും കരസ്ഥമാക്കി. മാർത്തോമ്മാ സഭയിൽ നിന്നും ആദ്യഫലമായി മാതാവ് പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചു. തന്മൂലം ബാല്യംമുതൽ തന്നെ പെന്തെക്കോസ്ത് ഉപദേശത്തിന്റെ അടിത്തറയിൽ വളരാൻ കഴിഞ്ഞു. വിദ്യാഭ്യാസാനന്തരം 1981-ൽ അമേരിക്കയിൽ എത്തി. 34 വർഷമായി ന്യൂയോർക്ക് സ്റ്റേറ്റ് ഗവൺമെന്റിൽ ബാങ്കിംഗ് ജോലിയിൽ വ്യാപൃതമായിരിക്കുന്നു.



പാസ്റ്റർ ജെയ്സ് പാണ്ടനാട് റവ. ജോസഫ് വില്യംസിനോടൊപ്പം

1996-ൽ ഐ. പി. സി. റോക്ക് ലാന്റ് അസംബ്ലി സ്ഥാപിച്ചു. മികച്ച ഭരണാധികാരിയും സർഗപരമായ കഴിവുകളുള്ള പാസ്റ്റർ ജോസഫ് വില്യംസ് 20 വർഷങ്ങളായി ഒരു സഭയുടെ പാസ്റ്ററായി തുടരുകയാണ്. (ന്യൂയോർക്കിലെ മലയാളി പെന്തെക്കോസ്തരുടെ പൊതു വേദിയായ പി. വൈ. പി. എ. യുടെ പ്രസിഡന്റായിരുന്നിട്ടുണ്ട്. നോർത്ത് അമേരിക്കൻ ഈസ്റ്റേൺ റീജിയൻ പി. വൈ. പി. എ.യുടെ പ്രഥമ പ്രസിഡന്റായിരുന്നു. 12 വർഷം ഐ. പി. സി. ഈസ്റ്റേൺ റീജിയന്റെ സെക്രട്ടറിയായിരുന്നു. യാതൊരു സ്വാർത്ഥതയുമില്ലാതെ ത്യാഗമനോഭാവത്തോടെ പ്രവർത്തിക്കുന്ന പാസ്റ്റർ ജോസഫ് വില്യംസ് പെന്തെക്കോസ്ത് മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തുന്നു. പല തവണ ജനറൽ കൗൺസിൽ അംഗമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

സമ്മേളനങ്ങളുടെ നേതൃത്വം ഏറ്റെടുക്കാൻ പലതവണ അവസരങ്ങൾ ലഭിച്ചപ്പോളും ഒഴിഞ്ഞുമാറിയ ഇദ്ദേഹം ഇത്തവണ പുതിയ നിയോഗമായിട്ടാണ് ഈ ഉത്തരവാദിത്വത്തെ കാണുന്നത്. ന്യൂജേഴ്സിയിൽ നടക്കുന്ന രണ്ടാമത്തെ കോൺഫറൻസാണ്.

ഐ. പി. സി. ഈസ്റ്റേൺ റീജിയന്റെ നേതൃത്വത്തിൽ 7 സ്റ്റേറ്റുകൾ ഉൾപ്പെടുന്ന 30 സഭകളുടെ സഹകരണത്തോടെയാണ് കോൺഫറൻസ് നടത്തുന്നത്.

കോൺഫറൻസുകൾ വാണിജ്യവൽക്കരിക്കപ്പെടുമ്പോൾ പെന്തെക്കോസ്ത് ആത്മീകതയുടെ തനിമ ചോർന്നുപോകാതെ ശ്രദ്ധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. സമയത്തെ കൊല്ലുന്ന ഔപചാരികതകൾ ഒഴിവാക്കി വചനശുശ്രൂഷയും ആരാധനകളും പ്രാധാന്യം നല്കുമെന്ന് കൺവീനർ പറഞ്ഞു. പ്രസംഗകർക്ക് കൂടുതൽ സമയം നല്കണം. ആർഭാടം ഒഴിവാക്കണം. കൂടുതൽ ആളുകൾ കൂടുന്നതിലല്ല; ക്വാളിറ്റി നിലനിർത്തുന്നതാണ് പ്രധാനം അദ്ദേഹം കൂട്ടിച്ചേർത്തു. പത്തനാപുരം സ്വദേശി സുനിലയാണ് ഭാര്യ. മകൻ ബഞ്ചമിൻ വില്യംസ് M. Div പൂർത്തിയാക്കി ശുശ്രൂഷയിലാണ്. മകൾ ബിങ്ക മാസ്റ്റേഴ്സ് ബിരുദം പൂർത്തിയാക്കി സൈക്കോളജി ഫിൻഡർ ജോലി ചെയ്യുന്നു. ഏറെ അനുഭവസമ്പത്തുകളോടെയാണ് പാസ്റ്റർ ജോസഫ് വില്യം15-ാമത് ഫാമിലി കോൺഫറൻസിന്റെ നാഷണൽ കൺവീനർ സ്ഥാനത്തെത്തുന്നത്.

വേദ പഠനം



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

1 തിമൊഥെയൊസ് നാലാം അദ്ധ്യായത്തിൽ പ്രസ്താവിക്കുന്ന ദുരുപദേശങ്ങളിൽ ഒന്നാണ് വിവാഹം വില്ക്കുകയും, വിവാഹം എന്നാൽ എന്താണ്? സ്ത്രീയും പുരുഷനും തമ്മിൽ യോജിക്കുന്നതാണ്. അല്പം തറപ്പിച്ചു പറഞ്ഞാൽ രണ്ടു വ്യത്യസ്ത സംസ്കാരങ്ങളിൽ ജനിച്ചു വളർത്തപ്പെട്ട സ്ത്രീയും പുരുഷനും തമ്മിൽ ഉഭയ സമ്മതത്തോടുകൂടെ ഒരുമിച്ചു പാർക്കുവാൻ ലഭിക്കുന്ന അംഗീകാരവും അധികാരവും അവകാശവുമാണ് വിവാഹം. അത് കുടുംബജീവിതത്തിലേക്കു പ്രവേശിക്കുന്നു. കുടുംബജീവിതത്തെപ്പറ്റി പല തെറ്റായ ധാരണകളും പഠിപ്പിക്കലുകളും മതഭക്തന്മാരുടെയും ഗുരുക്കന്മാരുടെയും ഇടയിലുള്ളവർ ക്രൈസ്തവ സമൂഹത്തിൽ പോലും ഇത് നിലനിൽക്കുന്നുണ്ട്. ഉന്നതമായ ആത്മീക നിലവാരം പുലർത്തുവാൻ വിവാഹം ഉപേക്ഷിച്ചു പറ്റുകയുള്ളൂ എന്നു പഠിപ്പിക്കുന്ന സഭകളും സംഘടനകളുമുണ്ട്. ഇവരുടെ പ്രധാനപ്പെട്ട ന്യായങ്ങൾ

1. കൊരിന്ത്യർ 7-ാം അധ്യായത്തിൽ പൗലോസ് വിവാഹ ജീവിതത്തെ നിരുത്സാഹപ്പെടുത്തുന്നു എന്നുള്ളതാണ്. ഈ വാദം തികച്ചും അടിസ്ഥാനരഹിതവും അസംബന്ധമാണ്. 1കൊരിന്ത്യർ 7-ാം അധ്യായത്തിലെ വാക്കുകളെ ബൈബിളിലെ അടിസ്ഥാന വേദോപദേശമായിട്ടല്ല പിന്നെയൊ അപ്പോസ്തലന്റെ അഭിപ്രായമായിട്ടാണ് സ്വീകരിക്കേണ്ടത്, എന്റെ അഭിപ്രായമെന്തന്നാൽ "ഞാൻ പറയുന്നു; എന്റെ ആഗ്രഹം" ഞാൻ ഇച്ഛിക്കുന്നത് എന്നു വ്യാഖ്യാനിക്കാം. ആകയാൽ പൗലോസിന്റെ മനസ്സിലൂടെ കടന്നു പോകുന്നു ചിന്തയായിട്ടാണ് അതിനെ കാണേണ്ടത്. സകല മനുഷ്യരും എന്നെപ്പോലെ ആയിരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു എന്ന പ്രസ്താവന 1കൊരി.7:7-8 കാണുന്നത്. അവിവാഹിതാവസ്ഥയിൽ തുടരുവാൻ സഭാജനങ്ങളെ പ്രബോധിപ്പിക്കുകയല്ലാ മറിച്ച് വിവാഹ ബന്ധത്തിൽ പ്രവേശിക്കും വരെയും അവിവാഹിതബന്ധങ്ങളിൽ ഏർപ്പെടാതെ വിശുദ്ധിയിൽ തങ്ങളെത്തന്നെ സൂക്ഷിച്ചു കൊള്ളേണം എന്ന അർത്ഥത്തിലാകുന്നു. 1കൊരി.7:29-ൽ "എന്നാൽ സഹോദരന്മാരെ ഇതൊന്നു ഞാൻ പറയുന്നു, കാലം ചുരുങ്ങിയിരിക്കുന്നു, ഇനി ഭാര്യമാരുള്ളവർ ഇല്ലാത്തവരെപ്പോലെയും...... എന്നെ വാക്യത്തിൽ നിന്നും ചിലർ സുവിശേഷ വേലക്കാരുടെ ഭാര്യാഭർത്ത്യബന്ധം വേർപ്പെടുത്തുവാൻ ഉത്സാഹിപ്പിക്കുകയും അപ്രകാരം ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഓർക്കേണ്ടത് ഈ ലേഖനം സുവിശേഷവേലക്കാരെ ഉദ്ദേശിച്ചുകൊണ്ടുള്ള ലേഖനമല്ല പൊതുസഭയ്ക്കു വേണ്ടി എഴുതിയ ലേഖനം എങ്ങനെ സുവിശേഷവേലക്കാർക്കുള്ള പ്രമാണമായി അംഗീകരിക്കുവാൻ കഴിയും മാത്രമല്ല ഈ ചോദ്യത്തിന്റെ ഉത്തരം 32-ാം വാക്യത്തിൽ 'നിങ്ങൾ ചിന്താകുലമില്ലാത്തവർ ആയിരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു...' എന്നു പൗലോസ് നൽകുന്നുണ്ട്.

മറ്റൊരു വേദഭാഗം മത്തായി19: 11-12 വാക്യങ്ങളിൽ കർത്താവ് അവിവാഹിതവസ്ഥയെ പ്രോത്സാഹിപ്പിച്ചതായി ചൂണ്ടി കാണിക്കുന്നത്, ഈ ഭാഗത്ത് അവിവാഹിതരായിരി



പ്പാൻ കർത്താവ് കല്പന നൽകിയില്ല, വിവാഹം എന്നതിന്റെ ശ്രേഷ്ഠത പറയുന്നുയെന്നത് മാത്രം. കുടുംബജീവിതത്തിന്റെ കുടുംബജീവിതത്തിന്റെ ശ്രേഷ്ഠതയെപ്പറ്റി പഠിപ്പിക്കുകയും ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപ്പിരിക്കരുത് എന്ന താക്കീത് കർശനമായി നൽകുകയാണ്. ആ പശ്ചാത്തലത്തിൽ വേണം മേൽപ്പറഞ്ഞ കാര്യങ്ങൾ വിലയിരുത്തേണ്ടത്, ആർക്കെങ്കിലും പ്രത്യേക സാഹചര്യത്തിലോ പ്രേരണയിലോ സ്വയതീരുമാനത്തിലോ അവിവാഹിതാവസ്ഥയിലിരിപ്പാൻ ആഗ്രഹമുണ്ടെങ്കിൽ അതിനെ വിലക്കേണ്ടതില്ല. മത്തായിയുടെ സുവിശേഷത്തിൽ പറയുന്നു. അമ്മയുടെ ഗർഭത്തിൽ നിന്നു ഷണ്ഡന്മാരായി ജനിച്ചവർ ഉണ്ട്. മനുഷ്യർ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരും ഉണ്ട്. ...മത്താ.19:12, ഷണ്ഡന്മാർ എന്ന പ്രയോഗം ഉപയോഗിക്കുന്നില്ല മറിച്ച് അവർക്കു അംഗീകാരം കൊടുത്തു കൊണ്ട് വിളിക്കുന്നതാണ് ഭിന്നലിംഗവ്യക്തികൾ, ഭിന്നലിംഗക്കാരായി ജനിക്കുന്നവരുണ്ട്, അതുപോലെ മനുഷ്യരാൽ ഭിന്നലിംഗക്കാരായവരുമുണ്ട്, പഴയ നിയമത്തിൽ അപ്രകാരം മനുഷ്യരാൽ ഭിന്നലിംഗക്കാരാക്കിയവരാ ണ് നെഹമ്യാവ്, ദാനിയേൽ ഇങ്ങനെ അനേകർ, ഇന്നു ചിലയാൾക്കാർ ഇപ്രകാരം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. ദൈവരാജ്യത്തിനു വേണ്ടി ഭിന്നലിംഗക്കാരാകുവാനും കർത്താവിനു വേണ്ടി പ്രവർത്തിപ്പാനും.

വിവാഹത്തെ ഉപേക്ഷിക്കുന്നവരും തള്ളി പറയുന്നവരും ബൈബിളിലെ പല കാതലായ വർഷങ്ങൾ മനസ്സിലാക്കാത്തതു കൊണ്ടാണ്, നോക്കുക, വിവാഹ

-തുടർച്ച-

തിമൊഥെയൊസ് ലേഖനം

ത്തിന്റെ സ്ഥാപകൻ, ആലോചനക്കാരൻ യഹോവയായ ദൈവം തന്നെ, ആദ്യവിവാഹത്തെ തുടർന്നു നാലായിരം വർഷങ്ങൾക്കു ശേഷം ക്രിസ്തു പറഞ്ഞതാണ് "ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുത്, യേശുക്രിസ്തുവിന്റെ ആദ്യത്തെ അതിശയം ഒരു വിവാഹ വീട്ടിലായിരുന്നു, യോഹ. 2:1-11, വിവാഹം എല്ലാവർക്കും മാന്യവും വിവാഹിതരുടെ കിടക്ക നിർമ്മലവുമായിരിക്കണം, എബ്രാ.13: 4. വിശുദ്ധ ബൈബിൾ കുടുംബ ജീവിതത്തിനും വിവാഹത്തിനു വളരെ ഊന്നൽ നൽകിയിരിക്കുന്നു. വിശുദ്ധബൈബിളിൽ ഒന്നാമത്തെ വിവാഹം ആദാമിന്റെയും ഒടുവിലത്തെത് ഒടുക്കത്തെ ആദാമാകുന്നു ക്രിസ്തുവിന്റെതുമാണ്, വിവാഹം കഴിക്കുന്നതിന്റെ മറ്റൊരു കാരണം പുരുഷനു സ്ത്രീ തക്ക തുണയായിരിക്കുക, ദുർന്നടപ്പിൽ നിന്നും ഒഴിഞ്ഞു ജീവിക്കുക, സന്താനപുഷ്ടിയുള്ളവരായി പെരുകുക എന്നീ കാര്യങ്ങളാണ്, ഉല്പ.2:18, 1കൊരി:7:2. (തുടരും...)

# ഐ. പി. സി കേരളസ്റ്റേറ്റ് ഉപവാസ ഉണർവ് സമ്മേളനങ്ങൾ

● ജോജി ഐപ്പ് മാത്യൂസ് (സഭാ കൗൺസിൽ അംഗം)

കുമ്പനാട്: ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ കേരള സ്റ്റേറ്റ് ഉപവാസ പ്രാർത്ഥനയും ഉണർവ് സമ്മേളനവും ഓഗസ്റ്റ് 21 മുതൽ 26 വരെ കുമ്പനാട് ഹെബ്രോൻപുരത്ത് നടക്കും. കൃപാവര ശുശ്രൂഷ, രോഗശാന്തി, കാത്തിരിപ്പ് യോഗം, കുട്ടികൾക്കും യുവജനങ്ങൾക്കുമായി പ്രത്യേക സമ്മേളനങ്ങൾ എന്നിവ നടക്കും ദിവസവും രാവിലെ 10 നും, ഉച്ചയ്ക്ക് രണ്ടിനും വൈകിട്ട് 5.30 നും യോഗങ്ങൾ നടക്കുമെന്ന് പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ്, സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ എന്നിവർ അറിയിച്ചു.

01 ↩ അസംബ്ലീസ് ഓഫ് ഗോഡ് ...

(നോർത്ത് ഈസ്റ്റ്) എന്നിവർ ജനറൽ കമ്മറ്റി അംഗങ്ങളായും തെരഞ്ഞെടുക്കപ്പെട്ടു. ചെന്നൈ ന്യൂലൈഫ് അസംബ്ലീസ് ഓഫ് ഗോഡ് സഭാ ഓഡിറ്റോറിയത്തിൽ നടന്ന ദേശീയ സമ്മേളനത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്.

സുപ്രണ്ടായി തിരുഞ്ഞെടുക്കപ്പെട്ട റവ. ഡി. മോഹൻ ഇൻഡ്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സഭയായ ചെന്നൈ ന്യൂ ലൈഫ് എ.ജി. സഭയുടെ സീനിയർ പാസ്റ്ററാണ്. സെക്രട്ടറി റവ. ടി. ജെ. സാമുവേൽ മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സൂപ്രണ്ടായും പ്രവർത്തിക്കുന്നു.

കഥ

# ഒരു ദളിത് ക്രിസ്ത്യാനിയുടെ വിലാപം



ആഷേർ മാത്യു

ബേബിച്ചൻ സഭ വിടുന്നത്രേ....

കേട്ടവർ കേട്ടവർ മൂക്കത്തു വിരൽ വച്ചു.

"സാധാരണ മറ്റു സഭകൾ വിട്ടു പെന്തെക്കോസ്തിലോട്ടാ പോകുന്നെ. ഇതിപ്പോ പെന്തിക്കോസ്ത് സഭ വിട്ട് ഈ ബേബി എങ്ങോട്ടാ ഈ പോകുന്നെ?"

നാട്ടുകാരിൽ ഒരാളുടെ സംശയം

"സംഭവം സത്യമാകാൻ സാധ്യത കുറവാ....നാട്ടുകാരെ മുഴുവൻ സഭയിൽ ചേർക്കാൻ നടന്ന പുള്ളിയാ...അതും വിശ്വാസം മൂത്തിട്ട് മതം വരെ മാറിയ ആളല്ലിയോ ബേബി" അത് ബേബിയുടെ ചരിത്രമറിയാവുന്ന മറ്റൊരാളുടെ അഭിപ്രായമായിരുന്നു.

അവസാനം സ്ഥിരീകരണം വന്നത് ബേബിച്ചന്റെ സുഹൃത്ത് ജോസഫ് പറഞ്ഞപ്പോഴാണ്.

"വിഷയം സത്യമാ...പക്ഷെ സംഗതി മറ്റേതാ..."

"ഏത്..." കേട്ടുകൊണ്ടിരുന്ന നാട്ടുകാർ ഒരുമിച്ചാണ് ചോദിച്ചത്.

"അത്...ഈ ജാതിയേ...എന്ന് വെച്ചാൽ...ബേബിയൊക്കെ..."

"ആഹാ...അങ്ങനെ പറ...അല്ലേൽ തന്നെ ഈ ദളിത് വിശ്വാസികളൊക്കെ സുറിയാനികളുടെ അടുത്ത് ചെന്നാൽ...എങ്ങനെ ശരിയാകും?" പീലിച്ചേട്ടന്റെ അഭിപ്രായമാണ്.

"അത് ശരിയല്ല. അങ്ങനെ പറയരുത്. ഈ പെന്തെക്കോസ്തുകാരാണ് ഈ മതംമാറ്റത്തെ ഏറ്റവും കൂടുതൽ പ്രോത്സാഹിപ്പിക്കുന്നത്. അല്ലെങ്കിൽ തന്നെ അവരുടെ സഭയിൽ മുഴുവൻ ദളിതരല്ലിയോ... ഇത് വേറെ എന്തോ കേസാണ്..." വക്കച്ചന് അല്പംകൂടി അറിവുണ്ട് ഈ വിഷയത്തിൽ.

പീലിച്ചേട്ടൻ വിട്ടുകൊടുക്കാനുള്ള ഭാവമില്ല.

"അതൊക്കെ കണ്ണിൽ പൊടിയിടുന്ന പരിപാടിയല്ലേ വക്കച്ചാ...കഴിഞ്ഞ ദിവസം പത്രത്തിൽ വന്ന ഒരു കല്യാണ ആലോചനയുടെ പരസ്യം ആമ്പിള്ളാരെടുത്ത് ഫേസ്ബുക്കിൽ ഇട്ടത് കണ്ടില്ലായിരുന്നോ? നായർ സമുദായത്തിൽ നിന്നും രക്ഷിക്കപ്പെട്ട യുവാവിന് നായർ സമുദായത്തിൽ നിന്ന് തന്നെ രക്ഷിക്കപ്പെട്ട യുവതികളിൽ നിന്ന് വിവാഹലോചന ക്ഷണിക്കുന്നു. സംഭവം എങ്ങനെയുണ്ട്?"

അതിന് മറുപടി പറഞ്ഞത് ജോസഫാണ്.

"ആ പറഞ്ഞത് സത്യം. സഭയിൽ ചേർന്നു കഴിഞ്ഞാൽ എല്ലാവരും ഒന്നാണ് എന്നൊക്കെ പറയുന്നത് വെറുതെയല്ലേ. ഞായറാഴ്ചത്തെ പത്രമെടുത്ത് മാട്രിമോണിയിൽ ക്ലാസ്സിഫൈഡ്സ് ഒന്നെടുത്ത് നോക്ക്. ഇവരുടെ തനിഗുണം കാണാം. രക്ഷിക്കപ്പെട്ട ചേരമർ ക്രിസ്ത്യൻ, ക്നാനായ പെന്തെക്കോസ്ത്, സിറിയൻ പെന്തെക്കോസ്ത്....അങ്ങനെ പല വിഭാഗമുണ്ട്."

"എന്റെ ജോസഫേ....എനിക്ക് മനസ്സിലാകാത്തത് എന്നിട്ടും ഈ ദളിതർ അങ്ങോട്ട് ഇടിച്ചുകേറുന്നേന്റെ കാര്യമെന്താണ് എന്നതാണ്?..." പീലിച്ചേട്ടന്റെ ന്യായമായ ഒരു ചോദ്യം.

"അതിന് മറുപടി ഞാൻ പറയാം. വിശ്വാസത്തെയൊന്നും ഞാൻ കുറ്റം പറയുന്നില്ല. ഞാൻ മാത്രമല്ല, ഈ ദളിതരും പറയുന്നില്ല. ഈ പെന്തെക്കോസ്ത് പ്രസ്ഥാനത്തിന്റെ പിടിപ്പുക്കേടന്നേ ഞാൻ പറയൂ. അതുകൊണ്ടല്ലേ സഭ ജാതിയുടെ പേരിൽ രണ്ടായി പിളർന്നിട്ടും അവര് വിശ്വാസം ത്യജിക്കാത്തത്". അപ്പോൾ ജോസഫിനും ചരിത്രം അറിയാം.

"പിളർപ്പോ? ഏത് സഭ പിളർന്ന കാര്യമാ ജോസഫേ നീ ഈ പറയുന്നേ?" പീലിച്ചേട്ടന് ഒരു വിവരവുമില്ല അതേപ്പറ്റി.

"അതുശരി. അതറിയില്ലേ? ഇവർക്ക് കൂണുപോലെ സഭകളാണല്ലോ. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ചർച്ച് ഓഫ് ഗോഡ്. പണ്ട് സായിപ്പ് വന്ന് തുടങ്ങിയതാ. ചെങ്ങന്നൂരിൽ മുളക്കുഴയിൽ ഇപ്പോഴും അതിന്റെ ആസ്ഥാനമങ്ങ് വിദേശത്താ...ആഹ്...പണ്ട് ഇതുപോലെ തൊലിവെളുപ്പിന്റെയും വർഗ്ഗത്തിന്റേയും കാര്യം പറഞ്ഞ് വിശ്വാസികൾ അങ്ങ് തെറ്റി. എന്നിട്ടെന്തു പറ്റി? ദളിതരെല്ലാം പ്രത്യേക വിഭാഗമായിട്ടങ്ങ് മാറി. വിശ്വാസം ഒട്ടു വിട്ടതുമില്ല. പെന്തെക്കോസ്തീന്ന് പോയതുമില്ല".

ജോസഫ് പറഞ്ഞുനിർത്തി.

ജോസഫ് പറഞ്ഞത് ശരിയായിരുന്നു. അങ്ങനെ ഒരു ചരിത്രമുണ്ട്. ജാതിയുടെ പേരിൽ പിളർപ്പുണ്ടായിട്ടുണ്ട്. ജാതിനോക്കാതെ വിവാഹം നടത്താറുമില്ല. പക്ഷെ, അതിലെല്ലാം പ്രധാനപ്പെട്ട വസ്തുത, ഇതെല്ലാമറിയുന്നവരായിട്ടും, കാര്യങ്ങൾ ഈ സ്ഥിതിയിലാണെന്ന് ബോധ്യമുണ്ടായിട്ടും സഭയിൽ ആള് കൂടുന്നതല്ലാതെ കുറയുന്നില്ല എന്നുള്ളതാണ്. അത് വിശ്വാസത്തിന്റെ കാര്യം.

ഇപ്പോഴത്തെ പ്രശ്നം ബേബിച്ചേട്ടന്റെ കാര്യമാണ്.

ബേബിച്ചേട്ടൻ എന്തിനു സഭ വിടുന്നു?

അതാണ് അറിയേണ്ടത്.

ബേബി സഭ വിട്ടതിൽ നാട്ടുകാർക്ക് ആശങ്കയും ഉത്കണ്ഠയും ഉണ്ടായിരുന്നെങ്കിലും അതിന്റെ നൂറിരട്ടി ആഘാതമായിരുന്നു സഭയിൽ ഉണ്ടാക്കിയത്.

"ഇത് എന്താ ബേബിച്ചായാ ഈ കേൾക്കുന്നത്? കേട്ടതൊക്കെ ശരിയാണോ? എനിക്കിത് വിശ്വസിക്കാൻ പറ്റുന്നില്ലല്ലോ?"

ഇപ്പോൾ കരയും എന്ന ഭാവമായിരുന്നു തോമസ് പാസ്റ്ററുടെ മുഖത്ത്.

എങ്ങനെ വിഷമം വരാതിരിക്കും? എത്ര നാളത്തെ അധ്വാനമാണ് "ഒരു ആത്മാവിനെ നേടുന്നത്".

സുവിശേഷം പറഞ്ഞ്, വായിക്കാൻ പുസ്തകങ്ങൾ കൊടുത്ത്, പ്രാർത്ഥനകൾക്കും മറ്റു യോഗങ്ങൾക്കും പങ്കെടുപ്പിച്ച്, ബന്ധുക്കളെയും സുഹൃത്തുകളെയുമൊക്കെ പിണക്കി, അവരുടെ അനിഷ്ടം സമ്പാദിച്ച്...എത്രയോ നാൾ നീണ്ട പ്രക്രിയയാണ്.

ബേബിച്ചൻ ഒന്നും പറയാതെ മുഖം താഴ്ത്തിയിരുന്നു.

"എന്തെങ്കിലും പറ ബേബിച്ചായാ...." തോമസ് പാസ്റ്റർ അക്ഷമനായി. ബേബിച്ചൻ മൗനം തുടരുകയാണ്.

"ജാതിയിൽ കുറഞ്ഞതാണ് എന്ന മനോഭാവം നമ്മുടെ സഭയിൽ ആരെങ്കിലും കാണിക്കാറുണ്ടോ? ഇതുവരെ ആരെങ്കിലും കാണിച്ചിട്ടുണ്ടോ? ഒരു വീട് പോലെയല്ലേ നമ്മൾ കഴിയുന്നത്? ഭക്ഷണം കഴിക്കുന്നതും ഭവനങ്ങൾ സന്ദർശിക്കുന്നതുമൊക്കെ നമ്മൾ ജാതി നോക്കിയാണോ? അങ്ങനെ ഒരു ചിന്തപോലും നമുക്കിടയിൽ ഉണ്ടായിട്ടില്ലല്ലോ? ഇപ്പോൾ ഇങ്ങനെ ഒരു ചിന്ത വരാനുള്ള കാര്യമെന്താണ് ബേബിച്ചാ?"

കട്ടൻകാപ്പി ഒരു കവിൾ ഇറക്കികൊണ്ട് തോമസ് പാസ്റ്റർ ചോദിച്ചു.

ആ ചോദ്യത്തിൽ ആത്മാർത്ഥത വേണ്ടുവോളം ഉണ്ടായിരുന്നു. പറഞ്ഞ കാര്യങ്ങൾ സത്യമാണ്. ഒരുമിച്ചിരുന്നു പ്രാർത്ഥിക്കുന്നു, ഭക്ഷണം കഴിക്കുന്നു. പരസ്പരം ഭവനങ്ങൾ സന്ദർശിക്കുന്നു. ഇപ്പോഴത്തെ നിജസ്ഥിതിക്ക് കാരണമായി എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഒന്നും തന്നെ നടന്നതായി അറിവുമില്ല.

മൗനം അവസാനിപ്പിച്ചുകൊണ്ട് സംസാരത്തിന് തുടക്കമിട്ടത് ബേബിച്ചന്റെ മകൾ സൗമ്യ ആയിരുന്നു.

അവരുടെ സംഭാഷണം ശ്രദ്ധിച്ചുകൊണ്ട് അകത്തെ മുറിയിൽ ഇരിക്കുകയായിരുന്നു സൗമ്യ.

"ഈ തീരുമാനത്തിന്റെ കാരണം ഞാനാ പാസ്റ്ററേ."

തോമസ് പാസ്റ്റർ പരിഭ്രാന്തിയിലായി. ബേബിച്ചന്റെ മകള് കാരണമോ? ഈ പെണ്ണ് എന്തെങ്കിലും കുഴപ്പം ഒപ്പിച്ചോ ദൈവമേ!!

"എന്താ മോളേ പ്രശ്നം..." തോമസ് പാസ്റ്റർ ആകാംക്ഷയോടെ മുൾമുനയിലായിരുന്നു.

"പാസ്റ്റർക്കറിയാമല്ലോ ഞാൻ ഡിഗ്രി പാസ്സായി നിൽക്കുകയാണെന്ന്. പി. ജി.ക്ക് പോകുവാൻ വേണ്ടിയുള്ള ആഗ്രഹത്തിലായിരുന്നു ഞാൻ. നല്ല മാർക്കുണ്ടായിട്ടും എനിക്ക് അഡ്മിഷൻ കിട്ടാത്തത് ഈ സഭയിൽ നിൽക്കുന്നതു കൊണ്ടാ.."

സൗമ്യയുടെ വാക്കുകൾ കൃത്യതയും വ്യക്തതയും ഉള്ളതായിരുന്നു. അതിലുപരി ആലോചിച്ചുറപ്പിച്ചതും.

"ഏയ്...അഡ്മിഷൻ കിട്ടാത്തത് നമ്മുടെ സഭ കാരണമോ?" തോമസ് പാസ്റ്റർക്ക് മനസ്സിലായില്ല.

അതിനിടയിൽ അതുവരെ മൗനമായിരുന്ന ബേബിച്ചൻ ഇടപെട്ടു.

"പാസ്റ്ററേ...ഗവൺമെന്റിൽ നിന്നും ഞങ്ങൾക്ക് ലഭിക്കാവുന്ന റിസർവേഷനുകളും ഗ്രാന്റുകളും ഒക്കെ വേണ്ടെന്നു വച്ചാണ് ഞങ്ങൾ ഈ വിശ്വാസമാർഗ്ഗത്തിലേക്ക് ഇറങ്ങിത്തിരിച്ചത്. ആരുടേയും പരപ്രേരണയാലുമല്ല. പക്ഷേ നമ്മുടെ ആദർശവും വിശ്വാസവുമൊക്കെ ഈ കുഞ്ഞുങ്ങൾക്ക് കിട്ടണമെന്നില്ലല്ലോ." ബേബിച്ചായന്റെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു.

"അപ്പോൾ അതാണ് കാര്യം."

"സൗമ്യയുടെ അഡ്മിഷനായിരുന്നു പ്രശ്നം. ഉയർന്ന മാർക്കൊന്നും ഇല്ലായിരുന്നതുകൊണ്ട് മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചില്ല. പണം കൊടുത്ത് സീറ്റ് വാങ്ങിക്കാനുള്ള സാമ്പത്തികമില്ല. അഥവാ പണം കൊടുക്കാമെന്ന് വിചാരിച്ചാൽ തന്നെ എവിടെ അഡ്മിഷൻ കിട്ടാൻ?"

"നമ്മക്ക് ഒരു വിദ്യാഭ്യാസസ്ഥാപനംപോലും ഇല്ലാതായ്പോയല്ലോ പാസ്റ്ററേ...തിരുവല്ലായിൽ മർത്തോമാ കോളേജ്. അത് മർത്തോമ്മാക്കാർക്ക്. ചങ്ങനാശ്ശേരിയിൽ എൻ. എസ്. എസ്. കോളേജ്. അത് നായന്മാർക്ക്. ഈഴവർക്കും ഉണ്ട് ഇഷ്ടംപോലെ കോളേജ്. കോട്ടയത്ത് ചെന്നാൽ സി. എം. എസ് ബസേലിയോസ്...എന്തിന്...അങ്ങ് തുരുത്തിക്കാട്ട് ഇവാഞ്ചലിക്കൽകാർക്ക് വരെയുണ്ട് കോളേജ്...നമ്മക്ക് എന്താ ഉള്ളത്? കുമ്പനാടും തിരുവല്ലായിലും മറ്റും കുറേ ബൈബിൾ കോളേജുകൾ ഉണ്ട്. നമ്മടെ പിള്ളാരെ എവിടെ വിട്ടാ പാസ്റ്ററെ പഠിപ്പിക്കേണ്ടെ?"

ബേബിച്ചായന്റെ ശബ്ദം ഉയർന്നത് ബേബിച്ചായൻപോലും അറിഞ്ഞില്ല.

"എന്റെ മൂത്ത ചേച്ചിയും യൂണിവേഴ്സിറ്റിയിലാ പഠിക്കുന്നെ. മൂന്ന് വർഷമായി ദളിത് ക്രിസ്ത്യൻസിന് ഗ്രാന്റ് ലഭിക്കുന്നില്ല.....ഇതൊക്കെ ആരറിയാൻ?" സൗമ്യയുടേയും കണ്ണ് നിറയുന്നുണ്ടായിരുന്നു.

ഇപ്പോൾ ചിത്രം വളരെ വ്യക്തമാണ്. വിദ്യാഭ്യാസമാണ് വിഷയം. അതിലുപരി പ്രസ്ഥാനത്തോടും നേതാക്കന്മാരോടുമുള്ള അമർഷം. എന്ത് പറഞ്ഞാണ് ഇവരെ ഒന്ന് ആശ്വസിപ്പിക്കുക!!

അവസാനം തോമസ് പാസ്റ്റർ ഇങ്ങനെ പറഞ്ഞു.

"നോക്കൂ ബേബിച്ചായാ....നമ്മുടെ സഭയുടെ വിശ്വാസവും കാഴ്ചപ്പാടുകളും വളരെ വ്യത്യസ്തമാണ്. ഭൗതീകകാര്യങ്ങൾക്ക് നമ്മൾ മുൻഗണന കൊടുക്കാറില്ലല്ലോ.."

പറഞ്ഞ് തീരുംമുമ്പ് ബേബിച്ചൻ കസേരയിൽ നിന്ന് ചാടിയെഴുന്നേറ്റു.

"നിർത്ത് പാസ്റ്ററേ..."ബേബിച്ചൻ ഗർജ്ജിക്കുകയാണ്.

"ഭൗതീകം...കാഴ്ചപ്പാട്....വിശ്വാസം.... ഇതൊക്കെ ഞാനും കാണുന്നുണ്ട്. കോടികളുടെ വീടും, ആഡംബരക്കാറുകളും...സ്വർണ്ണമിടില്ല എന്ന് ഒറ്റ വ്യത്യാസമേയുള്ള. കല്യാണത്തിനും ശവമടക്കിനും മറ്റും ഇതുപോലെ ആഡംബരം കാണിക്കുന്നവർ വേറെയാരുണ്ട്?" ബേബിച്ചൻ അങ്ങനെ പലതും പറയുന്നുണ്ടായിരുന്നു. ഈ സംഭാഷണം ഒരു തരത്തിൽ അവസാനിപ്പിച്ച് തോമസ് പാസ്റ്റർ അവിടെ നിന്നും ഇറങ്ങി.

ആ മനുഷ്യൻ ഒരു ശുദ്ധനാണ്. പാവം പിടിച്ച ഒരു പാസ്റ്റർ. വീടുമില്ല നല്ല വാഹനവുമില്ല. തിരികെ വീട്ടിലേക്ക് പോകുമ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ വന്ന ചിന്തകൾ മറ്റൊന്നായിരുന്നു. വർഷങ്ങൾക്കു മുമ്പ് സെമിനാരിയിൽ പഠിക്കാൻ പോകുന്ന സമയം. പ്രശസ്തനായ ഒരു സ്ഥാപനത്തിലെ വൈദീകവിദ്യാഭ്യാസം നേടുവാൻ അദ്ദേഹം ശ്രമിച്ചപ്പോഴാണ് അവിടത്തെ ഉയർന്ന ഫീസ് തനിക്ക് താങ്ങുവാൻ കഴിയുന്നതല്ല എന്ന് മനസ്സിലാക്കിയത്.

ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ്മാ, സി. എസ്. ഐ., ലൂഥറൻ തുടങ്ങി എല്ലാ സഭകളിലും വൈദികവിദ്യാഭ്യാസം നൽകുന്നത് സഭയാണ്.

എന്നാൽ പെന്തക്കോസ്ത് സമൂഹത്തിൽപ്പെട്ടവർ പഠിക്കണമെങ്കിൽ സ്വയം പണം കണ്ടെത്തണം.

പാസ്റ്റർമാരുടെ കാര്യം ഇങ്ങനെയാണെങ്കിൽ, പാവം വിശ്വാസികളുടെ കാര്യം എന്തു കഷ്ടമാണ്.!!

തന്റെ സഭാനേതാക്കളുടെ ആഡംബരവീടുകളും, കാറുകളും ഒക്കെ തോമസ് പാസ്റ്ററുടെ മനസ്സിലേക്ക് ഓടിവന്നു. വീടിന്റെ ഉമ്മറപ്പടിയിൽ ദൂരേക്ക് കണ്ണും നട്ട് ബേബിച്ചൻ ഇരുന്നു.

ബേബിച്ചൻ മൂകനായി ഇരിക്കുകയായിരുന്നു.

ഒരു വിലാപം അദ്ദേഹത്തിൽ നിന്നും ഉയരുന്നില്ലേ.

ഉണ്ട്. ഉയരുന്നുണ്ട്.

അതൊരു ക്രിസ്ത്യാനിയുടെ വിലാപമല്ല. ഒരു പെന്തക്കോസ്തുകാരന്റെ വിലാപമല്ല.

ഒരു ദളിത് ക്രിസ്ത്യാനിയുടെ വിലാപമാണ് ആ കേൾക്കുന്നത്.

## റവ. സാം തോമസ് സയോൺ ഗോസ്പൽ അസംബ്ലി ശുശ്രൂഷകൻ



**കാനഡ:** ടൊറന്റോ സയോൺ ഗോസ്പൽ അസംബ്ലി സീനിയർ ശുശ്രൂഷകനായി പാസ്റ്റർ സാം തോമസ് നിയമിതനായി. സഭാശുശ്രൂഷയിൽ നിന്നും സ്ഥാനം ഒഴിയുന്ന പാസ്റ്റർ വിൽസൺ വർക്കി പുതിയ ശുശ്രൂഷകനു സഭയുടെ ചുമതലകൾ കൈമാറി. പാസ്റ്റർ ഈശോ ഫിലിപ്പ് അനുഗ്രഹ പ്രാർത്ഥന നടത്തി.

സെറാമ്പൂർ കോളേജിൽ നിന്നും വേദശാസ്ത്രത്തിൽ ബിരുദം നേടിയിട്ടുള്ള പാസ്റ്റർ സാം തോമസ് കഴിഞ്ഞ 28 വർഷത്തിലധികമായി ഗുജറാത്തിലും രാജസ്ഥാനിലും സുവിശേഷ പ്രവർത്തനങ്ങളിൽ വ്യാപിതനായിരുന്നു. ഗുജറാത്ത് ക്രിസ്ത്യൻ ആശ്രമം രജിസ്റ്റ്ട്രാർ, ഫിലദൽഫിയ ബൈബിൾ കോളേ ജ് അദ്ധ്യാപകൻ, ഐ.സി.പി.എഫ് എഞ്ചലോസ് ടീം ലീഡർ, ഗ്രീൻ സിറ്റി ബൈബിൾ ചർച്ച് സീനിയർ പാസ്റ്റർ, അഹമ്മദബാദ് പെന്തക്കോസ്തൽ ഫെലോഷിപ്പ് പ്രസിഡന്റ് തുടങ്ങി വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഗ്രേസി സാം തോമസ് ഭാര്യയും, ബെൻസൺ, ജെന്നിഫർ എന്നിവർ മക്കളുമാണ്.

## 01 ജർമ്മൻ കത്തോലിക്ക സഭ...

ണ് നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്ന ബൈബിൾ സത്യത്തിന്റെ അടിസ്ഥാനത്തിൽ ലൂഥർ കത്തോലിക്ക സഭയുടെ അനാചാരങ്ങളോട് എതിർത്തത്. ദൈവത്തിനും മനുഷ്യനും ഇടയിൽ യേശുവല്ലാതെ മറ്റാരുമില്ല എന്ന സത്യം താൻ പ്രഘോഷിച്ചതിന് കത്തോലിക്ക സഭ ലൂഥറെ പുറത്താക്കി. എന്നാൽ അഞ്ച് നൂറ്റാണ്ടുകൾക്ക് ശേഷം ലൂഥർ ഉയർത്തിപ്പിടിച്ച സത്യം സഭ അംഗീകരിച്ചു.

തിരുവചനത്തിന്റെ കേന്ദ്രബിന്ദു യേശുക്രിസ്തുവാണെന്നും ദൈവത്തിനും മനുഷ്യനും മദ്ധ്യേ യേശു എന്ന മധ്യസ്ഥൻ മാത്രമേ ഉള്ളൂ എന്നും ലൂഥർ നിലകൊണ്ട വേദപുസ്തക നിലപാടിനെ സഭ ഉൾകൊണ്ടു. സഭ പ്രസിദ്ധീകരിച്ച പുതിയ റിപ്പോർട്ടിൽ ലൂഥറെ ആത്മീക വഴികാട്ടിയായും, സുവിശേഷത്തിന്റെ സാക്ഷിയായും വിശ്വാസത്തിന്റെ ഗുരുവായും ചിത്രീകരിക്കുന്നു. ലൂഥർ ഉയർത്തിപ്പിടിച്ച സത്യത്തിന് അന്ന് റോമിൽ വേണ്ടതുപോലെ പരിഗണന ലഭിച്ചില്ല എന്നും റിപ്പോർട്ടിൽ പറയുന്നു.

നാൽപതു വർഷം മുമ്പാണ് കത്തോലിക്ക സഭ ലൂഥറൻ സഭയുമായി ആരോഗ്യകരമായ ഒരു ബന്ധത്തിന് ശ്രമിച്ചത്. അത് ഇന്നും തുടരുന്നു.

"ക്രൈസ്തവർ യൂറോപ്പിൽ ഒട്ടനവധി പ്രതിസന്ധികൾ അഭിമുഖീകരിക്കുന്ന ഈ സമയത്ത് ഒരുമിച്ച് പ്രാർത്ഥിക്കുന്നതിനും ഒരേ ശബ്ദത്തിൽ സംസാരിക്കുന്നതിനും ഈ എക്യൂമെനിക്കൽ സംരംഭം വഴിയൊരുക്കും", എന്ന് ബിഷപ്പ് ഹെനസ് അൽജർമിസൻ പറഞ്ഞു.

# തടവറയിൽ സ്നേഹസന്ദേശം എത്തിക്കുന്ന പ്രിസൺ ഫെലോഷിപ്പ് മഹാരാഷ്ട്ര റീജിയൻ

പ്രിസൺ ഫെലോഷിപ്പ് ഇന്ത്യാ മഹാരാഷ്ട്ര റീജിയൻ എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റ റവ. ഷാജി വർഗീസ് വ്യത്യസ്തമായ നിലയിൽ സുവിശേഷം പ്രവർത്തിപഥത്തിൽ എത്തിക്കുവാനുള്ള ദൗത്യത്തിലാണ്. ഇവാഞ്ചലിക്കൽ സഭയിലെ വൈദികനായിരുന്ന റവ. ഷാജി വർഗീസ് ജയിൽശിക്ഷ അനുഭവിക്കുന്നവരുടെ മക്കൾക്കായി തയ്യാറാക്കിയ പദ്ധതിയിലൂടെ അവരെ കൈപിടിച്ച് നടത്തുകയാണ്.

റാന്നി പൂവൻമലയിൽ നിന്ന് സൗത്ത് കർണ്ണാടകയിലെ ഇഞ്ചിലംപാടിയിലേക്ക് 1980-ൽ കുടിയേറിയതാണ് റവ. ഷാജി വർഗീസിന്റെ കുടുംബം. ഐ. പി. സി. വിശ്വാസികളായിരുന്ന ഈ കുടുംബം അവിടെയെങ്ങും പെന്തെക്കോസ്ത് ആരാധന ഇല്ലാതിരുന്നതിനാൽ ഇവാഞ്ചലിക്കൽ സഭയിൽ അംഗങ്ങളായി. സ്കൂൾ പഠനാനന്തരം വൈദീക പഠനത്തിലേക്ക് തിരിഞ്ഞ ഷാജി വർഗീസ് 2004-ൽ ഇവാഞ്ചലിക്കൽ സഭയിലെ വൈദീകനായി. പഠനകാലത്തുതന്നെ മിഷൻ ഫീൽഡുകളിൽ പ്രവർത്തിച്ചു വന്ന ഇദ്ദേഹം ബറോഡ, ചെങ്കൽപേട്ട്, ഭോപ്പാൽ, ബോംബെ തുടങ്ങിയ സ്ഥലങ്ങളിൽ വൈദീക സേവനം അനുഷ്ഠിച്ചു. കൗൺസിലിംഗ് ആന്റ് സൈക്കോ തെറാപ്പിയിൽ M.S. എടുത്ത ഇദ്ദേഹം 2010-ൽ ഭോപ്പാൽ ഇടവകയിൽ സേവനം അനുഷ്ഠിച്ചുവരവേ വൈദീകപട്ടം രാജി വെച്ചു. തുടർന്ന് മുംബൈ YMCAയുടെ ചുമതലയിൽ നടന്നുവന്ന കൗൺസിലിംഗ് സെന്ററിന്റെ കോർഡിനേറ്ററായി സേവനം അനുഷ്ഠിച്ചു. ഇപ്പോൾ മുംബൈ പെന്തെക്കോസ്ത് സമൂഹത്തിൽ സജീവമാണ് റവ. ഷാജി വർഗീസ്.

2014-ൽ പ്രിസൺ ഫെലോഷിപ്പിന്റെ മഹാരാഷ്ട്ര സ്റ്റേറ്റ് ചുമതല ഏറ്റെടുക്കുമ്പോൾ അത് തനിക്കു മുമ്പിൽ വലിയ വെല്ലുവിളിയായിരുന്നു. കൗൺസിലിംഗ് രംഗത്തെ തന്റെ പരിചയവും അനുഭവസമ്പത്തും ജയിലിലെ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായി. ജയിലുകൾ സന്ദർശിച്ച് ജയിൽപുള്ളികൾക്ക് വ്യക്തിപരമായ കൗൺസിലിംഗ് നൽകുന്ന ഇദ്ദേഹത്തിന്റെ സേവനം അനേകർക്ക് പ്രയോജകീഭവിച്ചു.

ജയിലിൽ കഴിയുന്നവരുടെ മക്കൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ഇപ്പോൾ തന്റെ പ്രധാന ദൗത്യം. പതിമൂന്ന് വയസ്സിൽ താഴെയുള്ള മുന്നൂറോളം കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചുകൊണ്ടിരിക്കുന്നത്. ചിൽഡ്രൻ ഓഫ് പ്രിസണേഴ്സ് പ്രൊജക്ട് എന്ന പേരിൽ നടത്തുന്ന ഈ പദ്ധതിയുടെ കീഴിൽ ഈ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകി വരുന്നു. മെഡിക്കൽ ഹെൽപ്പ്, പഠനോപകരണങ്ങൾ നൽകുക, പഠനാവശ്യത്തിന് സ്റ്റൈഫന്റ് നൽകുക തുടങ്ങിയ തുടർ സഹായ പദ്ധതിയാണ് ചിൽഡ്രൻ ഓഫ് പ്രിസണേഴ്സ് പ്രൊജക്ടിന്റെ കീഴിലുള്ളത്. അഞ്ച് മുഴുവൻ സമയ പ്രവർത്തകർ ഈ പദ്ധതിക്കായി സജീവമായി പ്രവർത്തിക്കുന്നു. മുംബൈയിലെ പൻവേലിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. തന്റെ സഹധർമ്മിണി കുഞ്ഞമ്മ ഷാജി മുഴുവൻ സമയ പ്രവർത്തകയായി ഷാജി അച്ചനോടൊപ്പം രംഗത്തുണ്ട്.

കൗൺസിലിംഗ് രംഗത്തുള്ള തന്റെ അനുഭവസമ്പത്ത് മറ്റുള്ളവർക്കുകൂടി പ്രയോജനപ്പെടുവാൻ പൻവേലിലുള്ള ഓഫീസിനോട് ചേർന്ന് ഗിൽഗാൽ കൗൺസിലിംഗ് ആന്റ് റിസേർച്ച് സെന്ററും റവ. ഷാജി വർഗീസിന്റെ ചുമതലയിൽ നടത്തപ്പെടുന്നു. പ്രീ മാരിറ്റൽ ആന്റ് യൂത്ത് കൗൺസിലിംഗിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന റവ. ഷാജി വർഗീസ് അനേക യൗവനക്കാരെ ശരിയായ ദിശയിലേക്ക് നടത്താൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തിലാണ്.



റവ. ഷാജി വർഗീസ്, കുഞ്ഞമ്മ ഷാജി, സാം

മഹാരാഷ്ട്രയിലെ വിവിധ ജയിലുകളിലായി കഴിയുന്ന നൂറുക്കണക്കിന് ജയിൽപുള്ളികളുടെ കുടുംബങ്ങൾ തകർച്ചയുടെ വക്കിലാണ്. അവരുടെ കുട്ടികൾക്കുവേണ്ടി ഈ പ്രവർത്തനം വിശാലമാകുവാൻ പ്രാർത്ഥിക്കുകയാണ് ഇദ്ദേഹം. വേല വലിയതും വിശാലവുമായി മുന്നിലുണ്ട്. വ്യത്യസ്തമായ നിലയിൽ കർത്താവിന്റെ വേല ചെയ്യുന്ന ഈ പ്രീയപ്പെട്ടവർക്ക് നമ്മുടെ പിന്തുണയും സഹായവും ആവശ്യമാണ്.

## പ്രിസൺ ഫെലോഷിപ്പ് ഇന്ത്യാ മഹാരാഷ്ട്ര റീജിയൻ മുംബൈ വാശിയിലും നാസിക്കിലും ചിൽഡ്രൻ ഓഫ് പ്രിസണേഴ്സ് പ്രൊജക്ടിന്റെ ഭാഗമായി നടത്തിയ ക്യാമ്പിന്റെ ദൃശ്യങ്ങൾ























## കൂടുതൽ വിവരങ്ങൾക്ക്

SHAJI VARGHESE
201, Rex Complex,
Near St. Andrews School,
Malewadi Bus stop, Sukhapur,
New Panvel-410206,
Raighad-Dist, Maharashtra State.

Mob: 08692020944, 07506577008

Email: gcrcpanvel@gmail.com/
cpeducationmumbai@gmail.com

# നിത്യതയിൽ



**ടി.സി മാത്യു**

**കുന്നംകുളം :** കോട്ടയം താന്നിക്കൽ ചാക്കോ-മറിയാമ്മ ദമ്പതികളുടെ മകൻ ടി.സി മാത്യു നിത്യതയിൽ. ഹൈസ്കൂൾ അദ്ധ്യാപകനായും, ഹെഡ്മാസ്റ്ററായും, പ്രിൻസിപ്പാളായും എടപ്പാൾ എ.ഇ.ഒ എന്നീ സ്ഥാനങ്ങളായിട്ടാണ് അദ്ദേഹം ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ചത്. ഐ.പി.സി കേരളാസ്റ്റേറ്റ് കൗൺസിൽ മെമ്പർ, സ്റ്റേറ്റ് സണ്ടേസ്കൂൾ കമ്മറ്റി അംഗം (പരീക്ഷ വിഭാഗം), ഐ.പി.സി ഇലക്ഷൻ കമ്മീഷണർ ഓഫീസർ, എച്ച്.എം.ഐ അസോസിയേറ്റ് ഡയറക്ടർ, കുന്നംകുളം സെന്റർ ട്രഷറാർ, പി.വൈ.പി.എ പ്രസിഡന്റ്, സൺണ്ടേസ്കൂൾ സൂപ്രണ്ട്, കുന്നംകുളം ബാലലോകം വി.ബി.എസ് ഹെഡ്മാസ്റ്റർ എന്നിങ്ങനെ ഒട്ടനവധി പദവികൾ അദ്ദേഹം വഹിച്ചിരുന്നു.

ഭാര്യ-മേരി ടീച്ചർ റിട്ടേയ്ഡ് ഹെഡ്മാസ്റ്റർ, മക്കൾ-മിലൻസി (പി.എച്ച്.ഡി), ജിൻസി മാത്യു, മരുമക്കൾ-പാസ്റ്റർ ഫെബിൻ.കെ.മാത്യു (Late), സജീവ് പി.റ്റി.



**ഏലിയാമ്മ ജോർജ് (85)**

**ഡാളസ്:** പരേതനായ ജോർജ് പി ചാരുവില്ലായുടെ ഭാര്യ ഏലിയാമ്മ ജോർജ് (ഏലിയാമ്മ സാർ) ആഗസ്റ്റ് 12-ാം തീയതി ഡാളസിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. കേരളത്തിൽ പ്രാഥമിക വിദ്യാലയത്തിൽ അദ്ധ്യാപികയായിരുന്ന പരേത 1987-ൽ ഉദ്യോഗത്തിൽ നിന്നും വിരമിച്ച ശേഷം 1988 മുതൽ മക്കളോടൊത്ത് ഡാളസിൽ താമസിച്ചുവരുകയായിരുന്നു.

മക്കൾ: ആലീസ്, ജോസൺ, ജേക്കബ്, നോബിൾ, ആഷ. മരുമക്കൾ: സൂസമ്മ, അനില, ജെയ്മോൾ, ജോർജ്.



**യോഹന്നാൻ വർഗീസ് (85)**

**പാണ്ടനാട്:** പാണ്ടനാട് വാക്കേലത്ത് യോഹന്നാൻ വർഗീസ് (85) നിത്യതയിൽ. സംസ്കാരം പാണ്ടനാട് ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടത്തി. പാസ്റ്റർ ജെ. ജോസഫ് മുഖ്യശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ ജെയിംസ് വർഗ്ഗീസ് നേതൃത്വം നല്കി. പാസ്റ്റർമാരായ കെ. സി. സണ്ണിക്കുട്ടി, ഐസക് സൈമൺ, പി. ജി. മാത്യൂസ്, പ്രൊഫ. മാത്യു വി. തോമസ്, കൊടിക്കുന്നിൽ സുരേഷ് എം. പി. എന്നിവർ അനുശോചിച്ചു. പരേതനായ പ്രൊഫ. വി. വി. അച്ചൻകുഞ്ഞ്, പാസ്റ്റർ വി. വി. അലക്സാണ്ടർ എന്നിവർ മക്കളാണ്.

# ഐ. പി. സി. മിഡ്‌വെസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ

രാജു തരകൻ



പാസ്റ്റർ ബാബു ചെറിയാൻ



പാസ്റ്റർ ലിബിൻ ഏബ്രഹാം



സിസ്റ്റർ കൊച്ചുമോൾ ജയ്സ്

**ഡാളസ്:** ഐ. പി. സി. മിഡ്‌വെസ്റ്റ് റീജിയന്റെ വാർഷിക കൺവൻഷൻ ഡാളസ്-ഇർവിംങ്ങ് സിറ്റിയിൽ ദി വെസ്റ്റിൻ ഡാളസ് ഫോർട്ട് വർത്ത് എയർപോർട്ട് ഹോട്ടൽ സമുച്ചയത്തിൽ സെപ്റ്റംബർ 2ന് ആരംഭിക്കും. വൈകിട്ട് 6.30ന് സംഗീത ശുശ്രൂഷയോടെ ആരംഭിക്കുന്ന കൺവൻഷൻ റീജയൻ പ്രസിഡന്റ് പാസ്റ്റർ ഷാജി ഡാനിയേൽ ഉദ്ഘാടനം നിർവ്വഹിക്കും. അന്തർദേശീയ കൺവൻഷൻ പ്രസംഗകനായ പാസ്റ്റർ ബാബു ചെറിയാൻ (ഇന്ത്യ) വചനശുശ്രൂഷ നിർവ്വഹിക്കുന്നതോടൊപ്പം അമേരിക്കയിൽ വിവിധ സംസ്ഥാനങ്ങളിൽ സഭാശുശ്രൂഷകരായ ദൈവദാസന്മാരും വിവിധയോഗങ്ങളിൽ പ്രസംഗിക്കും.

യുവജനങ്ങളുടെ വിഭാഗമായ പി. വൈ. പി. എ.യുടെ നേതൃ ത്വത്തിൽ വിവിധ യോഗങ്ങളും പ്രോഗ്രാമുകളും ക്രമീകരിച്ചിട്ടുണ്ട്. ശനിയാഴ്ച രാവിലെ 9 മണിക്ക് റ്റാലന്റ് കോമ്പറ്റീഷൻ ആരംഭിക്കും. യുവജന സമ്മേളനത്തിൽ വചനശുശ്രൂഷ നിർവ്വഹിക്കുന്നത് പാസ്റ്റർ ലിബിൻ ഏബ്രഹാം. സഹോദരീ സമ്മേളനത്തിൽ സിസ്റ്റർ കൊച്ചുമോൾ ജയ്സാണ് പ്രഭാഷണം നടത്തുന്നത്. സെപ്റ്റംബർ 4ന് സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കടന്നുവരുന്ന സഭാശുശ്രൂഷകരും, വിശ്വാസികൾക്കും ദി വെസ്റ്റിൽ ഡാളസ് ഫോർട്ട് വർത്ത് എയർപോർട്ട് ഹോട്ടൽ സമുച്ചയത്തിൽ താമസസൗകര്യം ലഭ്യമാണ്. പ്രവാസ ജീവിതത്തിൽ ഐക്യതയുടെയും, സ്നേഹത്തിന്റെയും, കൂട്ടായ്മയുടെയും ഒത്തു ചേരൽ പങ്കിടുന്ന ഈ സമ്മേളനത്തി ന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. പാസ്റ്റർ ഷാജി ഡാനിയേലിന്റെ നേതൃത്വത്തിൽ 43 അംഗ ഭരണസമിതിയാണ് വാർഷിക കൺവൻഷന്റെ നേതൃത്വം വഹിക്കുന്നത്.

വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക. പാസ്റ്റർ ഷാജി ഡാനിയേൽ - 713-586-9580, പാസ്റ്റർ പി. സി. ജേക്കബ് - 405-921-3 822, പാസ്റ്റർ കെ. വി. തോമസ് - 214-771-5683, ജോസ് സാമുവേൽ - 405-204-5826, വെസ്ലി മാത്യു - 214-929-7614, എസ്. പി. ജെയിംസ് - 214-334-6962

# ന്യൂയോർക്ക് ഐ.സി.എ ശുശ്രൂഷകനായി റവ. വിൽസൺ വർക്കി നിയമിതനായി



**ന്യൂയോർക്ക്:** നോർത്ത് അമേരിക്കയിലെ ആദ്യത്തെ മലയാളി പെന്തക്കോസ്ത് സഭയും, ഐ.പി.സി ഈസ്റ്റേൺ റീജിയനിലെ പ്രമുഖ സഭകളിലൊന്നുമായ ന്യൂയോർക്ക് ഇൻഡ്യ ക്രിസ്ത്യൻ അസംബ്ലി (ഐ.സി.എ)സഭയുടെ സീനിയർ ശുശ്രൂഷകനായി റവ. വിൽസൺ വർക്കി നിയമിതനായി. നിലമ്പൂർ സ്വദേശിയാണ്.

ജൂലൈ 10ന് ഞായറാഴ്ച സഭാരാധനയ്ക്ക് ശേഷം നടന്ന സ്വീകരണ സമ്മേളനത്തിൽ സഭാശുശ്രൂഷയിൽ നിന്നും വിരമിക്കുന്ന പാസ്റ്റർ സാമുവേൽ ജോൺ പ്രാർത്ഥിച്ച് പുതിയ ശുശ്രൂഷകന് സഭയുടെ ചുമതലകൾ കൈമാറി. സഭാ സെക്രട്ടറി ബ്രദർ സാം തോമസ്, റവ. വിൽസൺ വർക്കിയെ സഭാവിശ്വാസികൾക്ക് പരിചയപ്പെടുത്തി സ്വാഗതം ചെയ്തു.

വേദ ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ജർമ്മനി റോജൻബെർഗ് സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റും സമ്പാദിച്ച റവ. വർക്കി കാനഡയിലുള്ള ടൊറന്റോ സയോൺ ഗോസ്പൽ അസംബ്ലിയുടെ സീനിയർ പാസ്റ്ററായി സേവനമനുഷ്ഠിച്ച് വരികയായിരുന്നു.

ന്യൂലൈഫ് ബൈബിൾ സെമിനാരി, ഉദയ്പൂർ ഫിലദൽഫിയ ബൈബിൾ കോളേജ്, കോട്ടയം ഐ.പി.സി തിയോളജിക്കൽ സെമിനാരി, ജർമ്മനി എഫ്.ഇ.ജി എന്നിവിടങ്ങളിൽ വേദാദ്ധ്യാപകൻ, കൗൺസിലർ, സുവിശേഷകൻ, സഭാ ശുശ്രൂഷകൻ തുടങ്ങിയ പദവികൾ വഹിച്ചിട്ടുള്ള റവ. വിൽസൺ വർക്കി മികച്ച സംഘാടകനും അനുഗ്രഹീത പ്രഭാഷകനുമാണ്. ഭാര്യ: അനു വിൽസൺ. മക്കൾ: ആഗസ്, ആഷ്ലി.

# ഉപവാസപ്രാർത്ഥനയും ഉണർവ്വ് യോഗവും 21 മുതൽ



**ന്യൂയോർക്ക്:** രക്ഷാമാർക്ഷം മിനിസ്ട്രീ സിന്റെയും ഹെബ്രോൻ ഐ.പി.സിയുടെയും സംയുക്താഭി മുഖ്യത്തിൽ ഉപവാസ പ്രാർത്ഥനയും ഉണർവ്വ് യോഗവും ആഗസ്റ്റ് 21 മുതൽ 28 വരെ ക്വീൻസ് വില്ലേജിലുള്ള ക്വീൻസ് ബാപ്റ്റിസ്റ്റ് ചർച്ചിൽ നടക്കും. എല്ലാദിവസവും രാവിലെ 9.30 മുതൽ 1 വരെ ഉപവാസ പ്രാർത്ഥനയും വൈകിട്ട് 7 മുതൽ പൊതുയോഗങ്ങളും ഉണ്ടായിരിക്കും.

പ്രമുഖ സുവിശേഷ പ്രഭാഷകരായ പാസ്റ്റർ ബ്രയൻ ജിബ്സ് ജൂനിയർ, പാസ്റ്റർ അനീഷ് ഏലപ്പാറ, പാസ്റ്റർ റോയി മാർക്കര, പാസ്റ്റർ ഡോ.ഇട്ടി ഏബ്രഹാം, പാസ്റ്റർ കെ.ജെ തോമസ്, പാസ്റ്റർ വീയപുരം ജോർജ്കുട്ടി, പാസ്റ്റർ ഡോ. ബാബു തോമസ്, പാസ്റ്റർ വിവിയൻ എസ്. ഗ്രബ്, ഡോ.ജോമോൻ ജോർജ്, സിസ്റ്റർ മേരി ജോൺ എന്നിവർ മുഖ്യ പ്രഭാഷണം നടത്തും.

രക്ഷാമാർക്ഷം മ്യൂസിക് ക്വയർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ ജോയി തോമസ്: 516 743 0652, ബ്രദർ വർഗീസ് തോമസ്: 347 869 1689

# ബെഥേൽ ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയുടെ പാസ്റ്ററായി പാസ്റ്റർ ജോജി മാത്യു ചുമതലയേറ്റു



**ഒക്കലഹോമ:** ഒക്കലഹോമ ടൾസാ സിറ്റിയിലുള്ള ബെഥേൽ ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയുടെ പാസ്റ്ററായി പാസ്റ്റർ ജോജി മാത്യു ചുമതലയേറ്റു. പ്രശസ്തമായ ഓറൽ റോബർട്ട് യൂണിവേഴ്സിറ്റി (ഒ.ആർ. യൂ.) ടൾസാ സിറ്റിയിലാണ് സ്ഥിതി ചെയ്യുന്നത്. അസംബ്ലീസ് ഓഫ് ഗോഡ് ഓർഡയിൻഡ് പാസ്റ്ററായ പാസ്റ്റർ ജോജി മാത്യു ബെഥേൽ ബൈബിൾ കോളേജ് പുനലൂർ, ബെഥനി ബൈബിൾ കോളേജ് തിരുവനന്തപുരം, ഇന്ത്യാ ബൈബിൾ കോളേജ് ആൻഡ് സെമിനാരി കുമ്പനാട് എന്നിവിടങ്ങളിൽ അദ്ധ്യാപകനായിരുന്നു.

# ജയിൽ സന്ദർശനം

**തൃശൂർ:** പ്രിസൺ ഗോസ്പൽ മിഷന്റെ ആഭിമുഖ്യത്തിൽ ചാവക്കാട് സബ് ജയിൽ സന്ദർശിച്ച് സുവിശേഷമറിയിച്ചു. അന്തേവാസികൾക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തു. പ്രിസൺ ഗോസ്പൽ മിഷൻ ജില്ലാ കോർഡിനേറ്റർ ഇവാ. ജോസഫ് വാളൂർ, ഇവാ. ബേബി മർക്കോസ് എന്നിവർ നേതൃത്വം നൽകി. ജയിൽ സൂപ്രണ്ട് എസ്. സുരേഷ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും തടവുകാരും പരിപാടിയിൽ സംബന്ധിച്ചു.

# 02 യുവജന പംക്തി....

തലൈവ. വടക്കേ ഇന്ത്യൻ ഗ്രാമങ്ങളിൽ പലതും ശിലായുഗത്തിൽ തന്നെയാണ്. സുവിശേഷീകരണത്തോടൊപ്പം സാമൂഹിക പ്രതിസന്ധത ഉള്ള ചിലർ ഇനിയും എഴുന്നേൽക്കണം.

**ഇന്നത്തെ പ്രശ്നം**

രാഷ്ട്രീയ തലത്തിലും സഭയിലും ഒരേ പ്രശ്നമാണ്. ഒറ്റവാക്കിൽ ശവകല്ലറയ്ക്ക് വെള്ളയടിക്കുന്ന പരിപാടി. ഇന്ത്യ വളർന്നു വികസിച്ചു എന്നു ഘോരം ഘോരം ഘോഷിച്ചു നേതാക്കൾ രാജ്യം ചുറ്റുമ്പോഴും അജ്ഞതയും അറിവില്ലായ്മയും പട്ടിണിമരണങ്ങളും തീണ്ടലും തൊടീലും എല്ലാം അരങ്ങു തകർക്കുന്നു. എന്തിനേറെ ഒരു നേരത്തെ അന്നത്തിനായി കൊല നടത്തുന്നവരും മൃഗത്തെ സംരക്ഷിക്കാൻ സഹോദരനെ തല്ലി കൊല്ലുന്നവനും ഇന്ത്യയുടെ മാത്രം സ്വന്തമാണ്. സഭയിലോ, വോട്ടിനും കസേരയ്ക്കുമായുള്ള നെട്ടോട്ടവും. പ്രവർത്തനങ്ങൾ പേപ്പറിലും കെട്ടിട സമുച്ചയങ്ങളിലും മാത്രം ഒതുങ്ങി തീരുന്ന പ്രവണതകളും വർദ്ധിക്കുന്നു.

കസേര ഉറപ്പിക്കാനുള്ള ബദ്ധപ്പാടിൽ കൂട്ടു സഹോദരന്റെ കുതികാൽ വെട്ടുന്നതും ഇന്നത്തെ ആത്മീകതയുടെ ഭാഗമായി കഴിഞ്ഞു. "വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു എന്ന് തിരുത്തി വായിക്കേണ്ട കാലം.

**ദർശനങ്ങൾ വഴിതെറ്റുന്നു**

"ഒരു കാര്യത്തിന്റെ ആരംഭത്തെക്കാൾ അവസാനം നല്ലത്" എന്ന ശലോമോന്റെ വചനങ്ങൾ ശ്രദ്ധേയമാണ്. പലരുടെയും ആരംഭം നന്നായിരിക്കും. എന്നാൽ പാതി വഴി എത്തുമ്പോൾ ദർശനത്തിന് വ്യതിയാനം സംഭവിക്കുന്നത് ഇന്നത്തെ ഒരു ശാപമായി തുടരുന്നു.

(തുടരും...)

# 08 കണ്ടതും കേട്ടതും....

ണ്ടു തവണയായി പതിനൊന്നു വർഷം ശുശ്രൂഷിച്ചു. ആദ്യം സഭായോഗത്തിന് ആറു പേരായിരുന്നു ഉണ്ടായിരുന്നത്. പതിനൊന്നു വർഷത്തെ ശുശ്രൂഷ കഴിഞ്ഞപ്പോൾ തൊണ്ണൂറ്റെട്ടു പേർ കർത്തൃമേശയിൽ സംബന്ധിക്കുന്നുണ്ടായിരുന്നു. ആദ്യത്തെ ഏഴുവർഷം സഭയിൽ നിന്ന് യാതൊരു സാമ്പത്തികസഹായവും സ്വീകരിച്ചില്ല. പാസ്റ്റർ പി. ജെ. ജോർജ് തയ്യൽ ജോലി ചെയ്ത് ഉപജീവനം കഴിച്ചു. സഭയുടെ വരുമാനം മുഴുവൻ സഭയ്ക്കു തന്നെ കൊടുത്തു. ഇന്ന് അദ്ദേഹവും ഭാര്യയും ക്ഷീണിതരാണ്. വലിയ സൗകര്യങ്ങളൊന്നുമില്ലാത്ത ഒരു സാധാരണ വീട്ടിൽ അദ്ദേഹം പരിഭവങ്ങളോ, പരാതിയോ ഇല്ലാതെ കഴിഞ്ഞുകൂടുന്നു. ചർച്ച് ഓഫ് ഗോഡിന്റെ 'സന്താനപുഷ്ടിയുള്ള' ഒരു സഭയായ വെച്ചൂച്ചിറ സഭയുടെ തുടക്കക്കാരനെ അങ്ങനെയാരും സന്ദർശിക്കുന്നതായിത്തോന്നുന്നില്ല. കർത്താവിന്റെ പണം അപഹരിക്കാതെ എങ്ങനെയാണു കോടികൾ മുടക്കി വീടു പണിയുന്നത്? ഒരു പ്രസംഗകന്റെ വീടിന്റെ മതിപ്പുചെലവ് ഇന്നലെ ഒരു പാസ്റ്റർ എന്നോടു പറഞ്ഞത് "രണ്ടു കോടി രൂപയെങ്കിലുമായിക്കാണും"മെന്നാണ്. പരമകള്ളനല്ലെങ്കിൽ മറ്റാർക്കാണ് ഇങ്ങനെ വ്യയം ചെയ്യാൻ കഴിയുക?

ഇന്നലെ (18.08.'16) സുവിശേഷകൻ സി. വി. ഫിലിപ്പോസിന്റെ വീട്ടിൽ പോയി. അദ്ദേഹത്തിന്റെ ഭാര്യ മേരി, പക്ഷാഘാതം പിടിപെട്ട് പരസഹായമില്ലാതെ ഒന്നും ചെയ്യാൻ വയ്യാത്ത സ്ഥിതിയിലാണ്. മകൻ ഹാനോക്കിനു ബുദ്ധിവികാസവുമില്ല. ഫിലിപ്പോസച്ചായൻ കഷ്ടസ്ഥിതിയിലും പരിഭവമോ പരാതിയോ ഒന്നുമില്ലാതെ, ഈ മാറായും മരുഭൂമിയുമെല്ലാം സഹിക്കുകയാണ്. ഒരു ഫിസിയോ തെറാപ്പിസ്റ്റ് വന്ന് ഫിസിയോ തെറാപ്പി ചെയ്യുന്നുണ്ട്. അദ്ദേഹമൊരു ദൈവമകനാണ്. അദ്ദേഹത്തിന്റെ പിതാവു വന്നുകണ്ടിട്ട് മകനോടു പറഞ്ഞു: "നീ ആ വീട്ടിൽ നിന്ന് കാശു വാങ്ങരുത്. ആ സഹോദരിക്കു ഫിസിയോ തെറാപ്പി ചെയ്യുന്നതിനു നിനക്കുള്ള കൂലി ഞാൻ തന്നുകൊള്ളാം".

കണ്ടും കാണാതെയും പോകുന്നവരുണ്ട്. കണ്ടിട്ടു നാം കാണാതെ പോകുന്നവരാകാതെ, കണ്ണു തുറന്നു കാണാൻ കഴിയട്ടെ. ഫിലിപ്പോസച്ചാ

06

MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 16

BELIEVERS JOURNAL

PUBLISHED ON 25/08/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

## ലേഖനം

# ബ്രിട്ടനും യൂറോപ്യൻ യൂണിയനും



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

ചെറുപ്പത്തിലെ അമ്മ നഷ്ടപ്പെട്ട അവരെ കാട്ടിലെ ഒരു ചെന്നായ ആണ് വളർത്തിയത് എന്ന് ഐതിഹ്യം. റോം പല യുദ്ധങ്ങളിലൂടെ മറ്റു രാജ്യങ്ങളെ അധീനത്തിലാക്കിക്കൊണ്ട് മധ്യധരണ്യാഴിയുടെ തീരം വരെയുള്ള പ്രദേശങ്ങൾ കൂട്ടിച്ചേർത്തു.ലത്തീൻകാരെക്കൂടാതെ, എട്രൂസ്കന്മാർ എന്ന മറ്റൊരു ജനവിഭാഗവും ഇവിടെ പ്രബലമായിരുന്നു. ഇവർ ക്രി.മു. പത്താം ശതകത്തിൽ ടൈബർ നദിയുടെ വടക്കു ഭാഗത്ത് കുടിയേറിപ്പാർത്തു. തെക്കു ഭാഗത്തായാണ് റോമാ നഗരം. എട്രൂസ്കരുടെ നഗരം എട്രൂറിയ എന്നും അറിയപ്പെട്ടു. ക്രി.മു. ഏഴാം നൂറ്റാണ്ടിൽ ലത്തീൻകാരെ തോല്പിച്ച് ഇവർ റോം ഭരിച്ചുവെങ്കിലും അത്യന്തികമായി റോമാക്കാർ ഇവരെ തോല്പിച്ച് തങ്ങളുടെ ആധിപത്യം പുനഃസ്ഥാപിച്ചു. എന്നാൽ എട്രൂസ്കന്മാർ റോം ഭരിച്ച ചെറിയ കാലങ്ങളിൽ നിന്ന് ലത്തീൻകാർ പലതും പഠിച്ചു. പൗരാണിക പൗരസ്ത്യ സംസ്കാരങ്ങളേയും റോമിനേയും തമ്മിൽ കൂട്ടിയിണക്കിയ കണ്ണി എട്രൂസ്കന്മാർ ആയിരുന്നു. ക്രി.മു. നാലാം നൂറ്റാണ്ടിൽ ഗ്വാൾ (ഇന്നത്തെ സ്പെയിൻ) വംശക്കാർ റോമാ നഗരം ആക്രമിച്ചെങ്കിലും പരാജയപ്പെട്ടു പിന്മാറി. അതിനുശേഷമാണ് റോമാനഗരത്തിന്റെ നേതൃത്വത്തിൽ വിപുലമായ രാജ്യവിസ്തൃതി ഉണ്ടായത്.ബി.സി. എഴാം നൂറ്റാണ്ടിൽ എട്രൂസ്കന്മാർ റോമിനെ ആക്രമിച്ച് കുറേക്കാലം സ്വന്തമാക്കി ഭരിച്ചു വന്നു. അവരുടേത് രാജഭരണം ആയിരുന്നു. നാട്ടുകാരായ റോമാക്കാർ വൈദേശികാധിപത്യം വെറുത്തിരുന്നു; എങ്കിലും എട്രൂസ്കന്മാർ റോമിനെ പുരോഗതിയിലേയ്ക്ക് നയിക്കുകയാണ് ഉണ്ടായത്. എന്നാൽ നാട്ടുകാരുടെ വിദ്വേഷം താമസിയാതെ ലഹളയിൽ കലാശിക്കുകയും വിപ്ലവം ജയിച്ച് എട്രൂസ്കന്മാർ പിൻവാങ്ങുകയും ചെയ്തു. അങ്ങനെ ക്രി.പി.510 ഓടെ രാജഭരണം അവസാനിക്കുകയും നാട്ടുകാരുടെ റിപ്പബ്ലിക് ഭരണം ആരംഭിക്കുകയും ചെയ്തു.

എന്നാൽ ലിവിയുടെ അഭിപ്രായപ്രകാരം റോമാ രാജ്യത്തിന്റെ അവസാനവും റിപ്പബ്ലിക്കിന്റെ ഉദയവും ലുക്രേത്തിയ എന്ന സാധാരണ സ്ത്രീയുടെ മരണത്തോടെയാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, അവസാന റോമൻ രാജാവായിരുന്ന ലൂസിയുസ് താർക്കീനിയുസ് സൂപെർബുസിന് സെക്സ്തുസ് താർക്കിനിയുസ് എന്നൊരു ക്രോധാത്മാവായ മകനുണ്ടായിരുന്നു. അയാൾ ലുക്രേത്തിയ എന്ന ഉന്നതകുലജാതയായ സ്ത്രീയെ ബലാത്സംഗം ചെയ്തു. ലുക്രേത്തിയ തന്റെ ബന്ധുക്കളെ ഇതിന് പകരം ചോദിക്കാനായി നിർബന്ധിക്കുകയും ആത്മഹത്യ ചെയ്യുകയും ചെയ്തു. അതിൽ നിന്നാണ് യൂറോപ്പ് എന്ന പേരുണ്ടായി. ലൂസിയുസ് ജൂനിയുസ് ബ്രൂട്ടുസ് ജനങ്ങളെ രാജാവിനെതിരായി അണിനിരത്തി. അവളുടെ മൃതശരീരം പ്രദർശിപ്പിച്ചുകോണ്ട് ജാഥ നടത്തി. പിന്നീടുണ്ടായ സംഭവങ്ങളിൽ താർക്കീനുകൾ രാജ്യം വിട്ടോടുകയും എട്രൂറിയയിൽ അഭയം പ്രാപിക്കുകയും ചെയ്തു. അതിനു ശേഷം ആണ് റോമൻ റിപ്പബ്ലിക്ക് എന്ന ആശയം ഉടലെടുത്തത്. പ്രതികാരം ചോദിച്ചവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ലുക്രേത്തിയയുടെ ഭർത്താവ് ലൂസിയസ് താർക്കീനിയുസ് കൊള്ളാത്തീനുസ് എന്നയാൾ പിന്നീട് റൊമാ റിപ്പബ്ലിക്കിന്റെ ആദ്യത്തെ കോൺസുലാർമാരിൽ ഒരാളായിരുന്നു. ലൂസിയുസ് ജൂനിയുസ് ബ്രൂട്ടുസ് ആയിരുന്നു മറ്റൊരു കോൺസുലാർ



**റോമാ സാമ്രജ്യത്തിന്റെ തകർച്ച**

രാഷ്ട്രീയമായി വലിയ പരിവർത്തനങ്ങൾ സൃഷ്ടിച്ചു എങ്കിലും വിശാലമായ ഈ സാമ്രാജ്യം നോക്കി നടത്തുക എന്നത് ബുദ്ധിമുട്ടേറിയ കാര്യമായിരുന്നു. ഇതിനു പുറമേ അഴിമതിയും സ്വാർത്ഥതയും ഏറി വന്നു. സാമ്രാജ്യ തലസ്ഥാനമായ റോമാ നഗരം സ്വാർത്ഥതയുടെയും അമിത ഭോഗത്തിന്റെയും ആസ്ഥാ

–തുടർച്ച–

നം കൂടിയായിത്തീർന്നു. ചൂഷണവും അഴിമതിയും എല്ലായിടത്തും വിളയാടി. യുദ്ധങ്ങളിൽ സമ്പാദ്യം മുഴുവനും ഹോമിക്കുന്നത് ഇറ്റലിക്കാരും അതിന്റെ ഗുണങ്ങൾ അനുഭവിക്കുന്നത് റോമാക്കാരും ആണെന്നു വന്നതോടെ ഇറ്റലിക്കാരുടെ രോഷം വർദ്ധിച്ചു. റോമാക്കാർ സുഖലോലുപന്മാരായി മറ്റുള്ളവരുടെ പൗരാവകാശങ്ങൾ ഹനിക്കാൻ തുടങ്ങിയതും അവരെ ചൊടിപ്പിച്ചു. റോമൻ പൗരാവാകാശം ഇറ്റാലിയന്മാർക്കും മറ്റുള്ളവർക്കും കൂടി ലഭിക്കുന്നതിനായി അവർ പ്രക്ഷോഭം തുടങ്ങി. റോമാ നഗരത്തിൽ സാമാന്യ ജനങ്ങളും പ്രഭുക്കന്മാരും തമ്മിൽ സംഘർഷമുണ്ടായി. അടിമകളും സമരത്തിൽ പങ്കു ചേർന്നു. ഇത്തരം സമരങ്ങൾ സിസിലിയിൽ വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കി. സ്പാർട്ടക്കുസ് എന്ന ഒരു അടിമയുടെ നേതൃത്വത്തിൽ എഴുപതിനായിരം അടിമകൾ ലഹള തുടങ്ങി.ഒരു വർഷക്കാലം കോൺസുലർമാരുടെ ഭരണം സ്തംഭിച്ചു. താമസിയാതെ സേനാ നായകന്മാരുടെ ഏകാധിപത്യഭരണം തുടങ്ങി അതോടെ സാമ്രജ്യത്തിൻ അധഃപതനം ആരംഭിച്ചു. ദാനിയേൽ കണ്ട ഘോരവും ഭയങ്കരവുമായ മൃഗം ജനസമൂദായ കടലിൽ അമർന്നു. അവിടെ നിന്നും അന്ത്യകാലത്തിനായി വെളിപ്പാട് പുസ്തകം 13-ൽ പറയുന്നതു പോലെ ഒരു മൃഗം എഴുന്നേറ്റ് വരും. **(അവസാനിച്ചു)**

## കണ്ടതും കേട്ടതും

# “കണ്ടും കാണാതെയും...”

ജയ്മോഹൻ അതിരുങ്കൽ
9567759748

“സ്വാതന്ത്ര്യം തന്നെയമൃതം, സ്വാതന്ത്ര്യം തന്നെ ജീവിതം; പാരതന്ത്ര്യം മാനികൾക്കു മൃതിയെക്കാൾ ഭയാനകം” എന്നു കവിയെഴുതി. “ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെ പാരിൽ” എന്നും എഴുതിയ കവിയുണ്ട്. നമുക്കു സ്വാതന്ത്ര്യം ലഭിച്ചിട്ട് എഴുപതു വർഷമായി. നൂറ്റിത്തൊണ്ണൂറു വർഷം ബ്രിട്ടീഷുകാർ ഇൻഡ്യ ഭരിച്ചു. റോബർട്ട് ക്ലൈവിന്റെ സൈന്യം, ബംഗാൾ ഭരണാധികാരിയായ സിറാജ് ഉദ് ദൗളയെ തോല്പിച്ച് ഇൻഡ്യയുടെമേലുള്ള ആധിപത്യത്തിനു തുടക്കമിട്ടത് 1757-ൽ ആണ്. ദൗളയുടെ സേനാധിപനായ മീർജാസറുടെ മകൻ മീരാന്റെ ചതിയായിരുന്നു അതിനു പിന്നിൽ. ദൗളയുടെ തല വെട്ടിയെടുത്ത് ഒരു താലത്തിൽ വച്ച് മീരാൻ ക്ലൈവിനു സമർപ്പിച്ചു. പക്ഷേ മീരാനെ ദൈവം വെറുതെ വിട്ടില്ലെന്നുവേണം കരുതാൻ. മീരാൻ ഇടിമിന്നലേറ്റു മരിക്കുകയായിരുന്നു. റോബർട്ട് ക്ലൈവിനും നല്ലൊരു ഭാവിയുണ്ടായില്ല. ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയ അദ്ദേഹം ‘ഇംപീച്ച്മെന്റി’നു വിധേയനായി, അപമാനഭാരം താങ്ങാനാവാതെ ആത്മഹത്യ ചെയ്യുകയായിരുന്നു. ആത്മഹത്യ ചെയ്ത ഭരണാധികാരികളിൽ പ്രമുഖനാണല്ലോ അഡോൾഫ് ഹിറ്റ്ലർ. വായിൽ തോക്കു കടത്തി വെടിവെച്ചാണ് അദ്ദേഹം മരിച്ചത്. അതല്ല, ചെന്നിയിൽ വെടിവച്ചാണു ജീവൻ കളഞ്ഞതെന്നും പറയുന്നു. ഒടുവിൽ, ഹിറ്റ്ലറുടെ നിർദ്ദേശാനുസരണം, ഉന്നത സൈനിക മേധാവികളും ഗസ്റ്റ്പ്പോയിലെ ഉദ്യോഗസ്ഥരും ചേർന്ന് മൃതദേഹങ്ങൾ (ഹിറ്റ്ലറുടെയും ഈവാ ബ്രൗണിന്റെയും) പെട്രോളൊഴിച്ചു കത്തിക്കുകയായിരുന്നു. എരിയാതെ കിടന്ന തലയോട്ടിയുടെ പരിശോധനയാണ് മൃതദേഹം ഹിറ്റ്ലറുടേതാണെന്ന (ഹിറ്റ്ലർ കഥാവശേഷനായെന്ന) നിഗമനത്തിലെത്തിച്ചത് (ഹിറ്റ്ലറുടെ സഹപ്രവർത്തകരെ പിടികൂടി സോവിയറ്റ് യൂണിയനിലെത്തിച്ച് ക്രൂരമായ പീഡനങ്ങൾക്കു വിധേയരാക്കി. പക്ഷേ, അവരെല്ലാം ഏകസ്വരത്തിൽ പറഞ്ഞത് ‘ഫ്യൂറർ’ (ഹിറ്റ്ലറുടെ സ്ഥാനപ്പേര്) ആത്മഹത്യ ചെയ്തുവെന്നായിരുന്നു). ഹിറ്റ്ലറുടെ ദന്തവൈദ്യനെക്കൊണ്ടു തലയോട്ടി പരിശോധിച്ചപ്പോഴാണ് ഹിറ്റ്ലറുടെ മരണം നൂറുശതമാനവും സ്ഥിരീകരിച്ചത്. കടുത്ത ദന്തരോഗിയായിരുന്ന ഹിറ്റ്ലറുടെ മിക്ക പല്ലുകൾക്കും കേടുണ്ടായിരുന്നു. ഹിറ്റ്ലർ ഒരു സസ്യഭുക്കാ(vegitarian)യിരുന്നുവെന്നും അറിയുക. പക്ഷേ, മുട്ട കഴിക്കുന്ന ‘സസ്യഭുക്കുകളു’ണ്ട്. അവരെ സസ്യാഹാരികളായി അംഗീകരിക്കുകയില്ല. അവർക്കു പറയുന്ന പേരു ‘ലാക്റ്റോ വെജിറ്റേറിയൻസ്’ എന്നാണ്. പഴങ്ങളും, വേവിക്കാത്ത പച്ചക്കറികളും കഴിച്ചു ജീവിക്കുന്നവരെ ‘ഫ്രൂട്ടേറിയൻസ്’ എന്നാണു വിളിക്കുന്നത്. തമിഴ്നാട്ടിലെ ‘നൽവാഴ്വ്’ ആശ്രമത്തിലെ പാണ്ഡുരംഗ, ഒരിക്കലും വേവിച്ച ആഹാരം കഴിച്ചിട്ടില്ല! എവിടെപ്പോയാലും കരിക്കും പഴച്ചാറും സാലഡും മാത്രമേ പാണ്ഡുരംഗ കഴിക്കൂ. അയാൾ പറയുന്നത്: “ദൈവം പഴങ്ങളും പച്ചക്കറികളും സൃഷ്ടിച്ചു; സാത്താൻ പാചകം കണ്ടുപിടിച്ചു”. പ്രമേഹമുള്ളവർ, മൂന്നു മാസം തുടർച്ചയായി പച്ചക്കറികൾ മാത്രം കഴിച്ചാൽ, പ്രമേഹം മാറി സുഖമാകുമെന്നാണു പറയുന്നത്. മദ്ധ്യതിരുവിതാംകൂറിലാണ് ഏറ്റവുമധികം പ്രമേഹരോഗികളുള്ളതെന്നു പറയുന്നു. അതിൽ തന്നെ പത്തനംതിട്ട ജില്ലയാണു മുന്നിൽ നിൽക്കുന്നത്. വർഷങ്ങൾക്കുമുമ്പ് നടന്നു തുടങ്ങുന്ന ‘കേരളം’ എന്ന പേരിൽ ‘മാതൃഭൂമി’ ഒരു പരമ്പര പ്രസിദ്ധീകരിച്ചതിൽ ഈ വിവിരമുണ്ടായിരുന്നു.




ഇതൊരു ‘സെൽഫി’യുഗ (കാലം)മെന്നു പറയുന്നു. ‘ഫെയ്സ്ബുക്കി’ൽ ഒരുപാടു സെൽഫികൾ പോസ്റ്റ് ചെയ്യുന്ന ഒരച്ചായനുണ്ട്. ഇതുപോലൊരു സെൽഫിക്കാരനെ എനിക്കറിയില്ല. അദ്ദേഹത്തെക്കാണുമ്പോൾ ‘സെൽഫിയച്ചായൻ’ എന്ന പേരാണു മനസ്സിൽ വരിക. മക്കളും മരുമക്കളും കൊച്ചുമക്കളുമായി ക്കഴിഞ്ഞു. നാലഞ്ചു വർഷം കഴിയുമ്പോൾ നാലാം തലമുറയെയും കാണാമായിരിക്കും. പക്ഷേ, അച്ചായൻ മഹാപഞ്ചാരയാണെന്നാണ് ഈ സെൽഫികൾ കാണുമ്പോൾ തോന്നുക അച്ചായൻ നരച്ചെങ്കിലും, അമ്മാമ്മ (ആന്റി) ‘എവർഗ്രീനാ’യിട്ടാണു നടക്കാറ്– ഒറ്റമുടിയും വെളുത്തുകാണുന്നില്ല! “ഐ ഡൈ ഡെയ്ലി’യെന്നു പാലോസ് പറഞ്ഞതുപോലെ, അമ്മാമ്മ ബോംബെ ഡൈയിങ് കമ്പനിയായിട്ട് ചെത്തുവേഷത്തിൽ നടക്കുകയാണ്. രണ്ടുപേരുംകൂടി പ്രേംനസീർ സിനിമകളിലേതുപോലെ ദൃശ്യങ്ങളാണു ‘മുഖപ്പുസ്തകത്തിൽ കൊടുക്കുന്നത്. എന്നും എവിടെയും സെൽഫിമയം!

കഴിഞ്ഞയിടെ ഞാൻ എറണാകുളം – ഷൊർണൂർ പാസഞ്ചർ ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു. എന്റെ അപ്പുറത്തുമിപ്പുറത്തുമായി മൂന്നുപേർ ഇരിക്കുന്നുണ്ട്. ഞാൻ, ദീപാ നിശാന്തിന്റെ, ‘കുന്നോളമുണ്ടല്ലോ ഭൂതകാലക്കുളിര്’ എന്ന പുസ്തകം വായിച്ചുകൊണ്ടിരിക്കുകയാണ്. എതിർവശത്തുള്ള സീറ്റിൽ നാലുപേരുണ്ട്. വശങ്ങളിലുള്ള ഒറ്റ സീറ്റിൽ ഓരോരുത്തരുണ്ട്. അങ്ങനെ എന്നെ കൂടാതെ ആകെ ഒൻപതുപേർ ആ അറയിലുണ്ട്. ഒൻപതുപേരും സ്മാർട്ട് ഫോണുകൾ ഓൺ ചെയ്തിട്ടുണ്ട്. മിക്കവരുടെയും ചെവിയിൽ ഇയർബട്ടണുകളുണ്ട് – അവർ സിനിമ കാണുകയാണ്, ബട്ടൺ വച്ചിട്ടില്ലാത്തവർ ‘ഫെയ്സ്ബുക്കന്മാരായി’ അതീവ ജാഗ്രതയിലിരിക്കുകയാണ്. ഓരോ സ്റ്റേഷനിൽ ട്രെയിൻ നിൽക്കുമ്പോഴാണു തലയുയർത്തി നോക്കിയിട്ട് ശ്വാസം വിടുന്നത്. സുവിശേഷം പറയുന്നതുപോയിട്ട് “എവിടെപ്പോവാ”യെന്നു ചോദിക്കാൻ പോലും പറ്റില്ല. സിനിമയിലെ തമാശരംഗങ്ങൾ കണ്ടിട്ട് തന്നെത്താനിരുന്നു ചിരിക്കുന്നവരെയും കണ്ടു. ഒരു കാര്യം കൂടി: ദീപാ നിശാന്തിന്റെ മേല്പറഞ്ഞ പുസ്തകം നല്ലൊരു കൃതിയാണ്. മനുഷ്യത്വമെന്നാലെന്താണെന്ന് ഈ പുസ്തകം വരച്ചുകാട്ടുന്നു. പ്രത്യേകിച്ച് അവസാനത്തെ അദ്ധ്യായം(അനുഭവം).

കഴിഞ്ഞ മാസം ഞങ്ങൾ പാസ്റ്റർ പി. ജെ. ജോർജിനെ (വാര്യാപുരം) സന്ദർശിച്ചു. കുക്ക് സായ്പ് സ്നാനപ്പെടുത്തിയതാണ് അദ്ദേഹത്തെ. വെച്ചൂച്ചിറയിലെയും മുക്കൂട്ടുതറയിലെയും സഭകൾ തുടങ്ങിയത് പാസ്റ്റർ പി. ജെ. ജോർജാണ്. വെച്ചൂച്ചിറയിൽ ര

07

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.